# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

**കുശാൽ നഗർ റയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് വേണ്ടി ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**

**കാസർഗോഡ് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

ആർ.ബി.ഡി.സി.കെ ലിമിറ്റഡ്,
കൊച്ചി–682025

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)
കിഫ്ബി, കാസർഗോഡ്


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്),
രാജഗിരി. പി.ഒ. കളമശേരി, പിൻ: 683 104, കൊച്ചി
ഫോൺ: 0484 2911332/2550785
rajagirisia@gmail.com, outreach@rajagiri.edu
www.rajagiri.edu


ഏപ്രിൽ 25, 2025

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ /സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.1.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.1.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.1.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.1.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.1.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

8.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

9.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 10 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

10.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**അദ്ധ്യായം 11: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

11.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

11.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## പട്ടികകൾ

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

3.4.1. പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസ്സുകൾ

3.5.1: പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

5.1.2 പദ്ധതിബാധിതരാകുന്ന വാടകക്കാർ, തൊഴിലാളികൾ

11.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം, സാമൂഹ്യസേവന പ്രവർത്തനങ്ങളും, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങളും, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും ചെയ്തുവരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2025 ഫെബ്രുവരി 12–ാം തീയതിയിലെ നമ്പർ 518, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കാസറഗോഡ് ജില്ലാ കളക്ടറുടെ 2025 ഫെബ്രുവരി 12–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKSGD/6167/2020 – L1 പ്രകാരം **കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതി**ന് വേണ്ടി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ഹോസ്ദുർഗ് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിന്റെ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ന്റെ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും** പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. (ഫാ) സാജു എം.ഡി**
പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം, പാലങ്ങൾ, കലുങ്കുകൾ, റെയിൽവേ പാലങ്ങൾ എന്നിവ രാജ്യത്തിൻെറ വികസനത്തിന് കൂടിയേ തീരൂ. ഇന്ത്യൻ റെയിൽവേ അതിൻെറ വിശാലമായ ശൃംഖലയിൽ റെയിൽവെ മേൽപ്പാലങ്ങൾ പണിയുന്നതിന് വളരെ പ്രാധാന്യം കൊടുക്കുന്നു.. പാസഞ്ചർ, ചരക്ക് ട്രെയിനുകളുടെ കാര്യക്ഷമതയും സുഗമമായ പ്രവർത്തനവും വർദ്ധിപ്പിക്കാനാണ് ഇത് ലക്ഷ്യമിടുന്നത്. നഗരങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും ഗതാഗതം സുഗമമാക്കുന്നതിൽ റെയിൽവേ മേൽപ്പാലങ്ങൾ സഹായമാണ്. റെയിൽവേ മേൽപ്പാലങ്ങൾ ഗതാഗത തടസ്സങ്ങൾ കുറയുകയും വാഹനങ്ങളുടെ സുഗമമായ ഒഴുക്ക് പ്രോത്സാഹിപ്പിക്കുകയും യാത്രാ സമയം കുറയ്ക്കുകയും ചെയ്യുന്നു. റെയിൽവേ ബ്രിഡ്ജുകളുടെ നിർമ്മാണത്തിൻെറ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് സുരക്ഷയാണ്. റെയിൽവേ ട്രാക്കുകൾ റോഡുകളിൽ നിന്ന് വേർതിരിക്കുന്നതിലൂടെ ട്രെയിനുകളും, വാഹനങ്ങളും കാൽനടയാത്രക്കാരും തമ്മിലുള്ള കൂട്ടിയിടിയുടെ സാധ്യത ഗണ്യമായി കുറയുന്നു. ഈ വേർതിരിവ് സുരക്ഷയിൽ വിട്ടുവീഴ്ച്ച ചെയ്യാതെ വിവിധ ഗതാഗത മാർഗ്ഗങ്ങൾ ഒന്നിച്ച് നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നു.

കാസർഗോഡ് ജില്ലയിലെ പ്രധാന ജില്ലാ റോഡായ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ, കുശാൽ നഗറിൽ സ്ഥിതി ചെയ്യുന്നതും പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ വരുന്ന MAS – MAQ സെക്ഷനിലെ റെയിൽവെ കിലോമീറ്റർ 815/200-300 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ ഈ ലെവൽ ക്രോസ്സ്

ദിവസത്തിൽ ശരാശരി 60 തവണയെങ്കിലും അടച്ചിടുന്നതിനാൽ, ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ വലിയ ട്രാഫിക് ബ്ലോക്കാണ് ഇടക്കിടക്ക് ഉണ്ടായികൊണ്ടിരിക്കുന്നത്. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക് കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റോഡ് / ട്രെയിൻ ഗതാഗതം സുഗമമായി നടക്കുകയും യാത്രാസമയം കുറയുകയും, യാത്രക്കാരുടെ സുരക്ഷാ സാധ്യതകൾ വർദ്ധിക്കുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b)യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ റയിൽവെ മേൽപ്പാലങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലുള്ള കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. നീലേശ്വരം – കാഞ്ഞങ്ങാട് റയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് ലെവൽ ക്രോസ്സിങ്ങ് 273 സ്ഥിതി ചെയ്യുന്നത്. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. പദ്ധതിബാധിതമാകുന്ന സ്ഥലങ്ങൾ പ്രധാനമായും കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയുടെ ഡിവിഷൻ 39, 14, 41 എന്നിവയിൽ ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2025 ഫെബ്രുവരി 12–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 14, നമ്പർ 518 ൽ പ്രസിദ്ധപ്പെടുത്തിയ കാസറഗോഡ് ജില്ലാ കളക്ടറുടെ 2025 ഫെബ്രുവരി 12–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKSGD/6167/2020 – L1 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്ന് 58 ആർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

| ജില്ല : കാസറഗോഡ് | താലൂക്ക് : ഹോസ്ദുർഗ് | | വില്ലേജ് : ഹോസ്ദുർഗ് |
|---|---|---|---|
| | | | ബ്ലോക്ക് : 19 |
| **ക്രമ നം:** | **സർവ്വെ നം:** | **സബ് ഡിവിഷൻ** | **ഭൂമിയുടെ തരം** |
| 1 | 242 | 8 | നിലം |
| 2 | 242 | 9 | തരം മാറ്റിയ പുരയിടം |
| 3 | 242 | 10 | തരം മാറ്റിയ പുരയിടം |
| 4 | 181 | 18 | നിലം |
| 5 | 178 | 4 | പുരയിടം |
| 6 | 178 | 5 | പുറമ്പോക്ക് |
| 7 | 178 | 6 | നിലം |
| 8 | 267 | 2 | നിലം |
| 9 | 267 | 3 | നിലം |
| 10 | 267 | 6 | നിലം |
| 11 | 267 | 4 | നിലം |
| 12 | 267 | 5 | നിലം |
| 13 | 269 | 1 | തോട്ടം |
| 14 | 269 | 2 | തോട്ടം |
| 15 | 269 | 23 | തോട്ടം |
| 16 | 269 | 9 | നിലം |
| 17 | 269 | 10 | നിലം |
| 18 | 269 | 11 | നിലം |
| 19 | 269 | 12 | നിലം |
| 20 | 269 | 25 | നിലം |
| 21 | 269 | 13 | നിലം |
| 22 | 272 | 3 | തരം മാറ്റിയ പുരയിടം |
| 23 | 167 | 14 | നിലം |
| 24 | 271 | 7 | നിലം |
| 25 | 271 | 10 | നിലം |
| 26 | 271 | 6 | നിലം |

| | | | |
|---|---|---|---|
| 27 | 271 | 5 | നിലം |
| 28 | 271 | 1 | നിലം |
| 29 | 271 | 2 | തോട്ടം |
| 30 | 147 | 1 | പുറമ്പോക്ക് |
| 31 | 147 | 2 | പുറമ്പോക്ക് |
| 32 | 269 | 14 | നിലം |
| 33 | 272 | 4 | നിലം |
| 34 | 272 | **2** | നിലം |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരമായി നിലവിലെ റോഡ് ഓവർ ബ്രിഡ്ജ് (ROB) പ്രൊപ്പോസ് ചെയ്യുന്നതിന് മുൻപായി, 2018 നവംബർ 9 ന് കൂടിയ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ റയിൽവേയുടെ അഭ്യർത്ഥന പ്രകാരം, ഒരു റോഡ് അണ്ടർ ബ്രിഡ്ജിൻെറ (RUB) സാധ്യതകൾ പരിശോധിച്ചിരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ, പദ്ധതി പ്രദേശം അറബികടലിൽ നിന്നും 4 കിലോമീറ്ററിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത് എന്നും, ഇവിടത്തെ ഗൗണ്ട് ലെവൽ സമുദ്ര നിരപ്പിനോട് ഏകദേശം സമമാണെന്നും കണ്ടെത്തി.

ഇവിടെ ഒരു RUB പരിഗണിക്കുകയാണെങ്കിൽ, അത് നിലവിലെ റയിൽ ലെവലിൽ നിന്നും -7.50 മീറ്ററായിരിക്കും. പദ്ധതി പ്രദേശം നിൽക്കുന്ന കാസർകോഡ് ജില്ലയിൽ, വർഷത്തിൽ ശരാശരി 3825 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. എന്നാൽ, സ്വാഭാവികമായി വെള്ളമൊഴുകി പോകുന്നതിനുള്ള സ്വകര്യമില്ലാത്തത് മൂലം മഴക്കാലത്ത് ഇവിടെ പലയിടങ്ങളിലും വെള്ളക്കെട്ട് സാധാരണമാണ്. മാത്രമല്ല, പ്രദേശത്ത് ഒരു സ്വാഭാവിക ഡ്രെയിനേജിനുള്ള സാധ്യതയും കാണുന്നില്ല. കൂടാതെ, കുശാൽനഗർ ലെവൽ ക്രോസ്സിങ്ങിൽ നിന്ന് ഏകദേശം രണ്ടര കിലോമീറ്റർ ദൂരത്തിൽ ചന്ദേരയിൽ ഇത്പോലെ നിർമ്മിച്ചിട്ടുള്ള RUB പലപ്പോഴായി ഉണ്ടാകുന്ന വെള്ളക്കെട്ട് മൂലം ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഈ കാരണങ്ങൾ കൊണ്ടെല്ലാമാണ് LC 273 ൽ RUB എന്ന ആശയം ഉപേക്ഷിച്ച് ROB പ്രൊപ്പോസ് ചെയ്തത്.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഹോസ്ദുർഗ് വില്ലേജിൽ നിന്ന് സ്ഥലം ഏറ്റെടു ക്കുമ്പോൾ ഭൂവുടമകൾക്കും സമീപ പ്രദേശത്ത് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതിപ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തി രവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നട ത്തുകയും ചെയ്തു. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ 19 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്. കൂടാതെ, പദ്ധതി പ്രദേശത്ത് താമസിക്കുന്ന പദ്ധതി നേരിട്ടല്ലാതെ ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്ന ചില വ്യക്തികളുമായി അനൗദ്യോഗിക സംഭാഷണം നടത്തുകയും ചെയ്തു. പ്രദേശത്തെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുക, ഭൂമിയുടെ അളവ് കുറയുക, ചുറ്റുമതിൽ, മറ്റ് അനുബന്ധ സൗകര്യങ്ങൾ നഷ്ടപ്പെടുക, വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെടുന്നതു മൂലം കുടിയൊഴിപ്പിക്കപ്പെടേണ്ടിവരുക, തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ ഫല വൃക്ഷങ്ങൾ നഷ്ടപ്പെടുക, എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | **ആഘാത ബാധിത മാകുന്ന** *കുടുംബ ങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| **ഭൂമിപദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷടമാകൽ/ അളവ്കുറയൽ | 19 | ▪ 19 ഭൂവുടമകൾക്ക് കൈവശഭൂമിയുടെ അളവ് കുറയുകയൊ, പൂർണ്ണമായി നഷ്ടപ്പെടുക യൊ ചെയ്യും. |

| | | | |
|---|---|---|---|
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 3 ഭൂവുടമകൾ | ▪ ഒരു ഭൂവുടമയുടെ വീട് പൂർണ്ണമായും, മറ്റൊരാളുടെ ചെറിയ തോതിലും (സൺഷേഡ്), ഒരു ഭൂവുടമയുടെ ക്വാർട്ടേഴ്സ് ഭാഗികമായും ബാധിതമാകും. |
| | | 4 വാടകക്കാർ | പദ്ധതിബാധിതമാകുന്ന ക്വാർട്ടേഴ്സിലെ, 4 കുടുംബങ്ങൾ വാടകക്ക് താമസിക്കുന്ന വീടുകൾ പൂർണ്ണമായി നഷ്ടപ്പെടുന്നു. |
| 3 | കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ | 1 ഭൂവുടമ | 25 വർഷമായി പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഒരു കുടുംബം കുടിയൊഴിപ്പിക്കപ്പെടുന്നു. |
| 4 | അവശ്യസൗകര്യങ്ങൾ | 1 ഭൂവുടമ | കുഴൽ കിണർ |
| 5 | മറ്റ് നിർമ്മിതികൾ | 4 ഭൂവുടമകൾ | ചുറ്റുമതിൽ (3), ഗേറ്റ് (2), ഫിഷ് പോണ്ട്, |
| **വ്യാപാര സ്ഥാപനങ്ങൾ / മറ്റ് കെട്ടിടങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 6 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ † അനുബന്ധ നിർമ്മിതികൾ | 9 ഭൂവുടമകൾ | ▪ 3 ഭൂവുടമകൾക്ക് വ്യാപാര സ്ഥാപനങ്ങൾ ചെറിയ തോതിൽ ബാധിതമാകും<br>▪ 6 ഭൂവുടമകൾക്ക് ആകെ 19 കടമുറികൾ പൂർണ്ണമായും നഷ്ടപ്പെടും (3 ഭൂവുടമകളുടെ ഒരോ കട വീതവും, മറ്റ് 3 ഭൂവുടമകളുടെ യഥാക്രമം 2, 3, 11 മുറികൾ വീതവും)<br>▪ ഒരു സ്ഥാപനത്തിന്റെ മതിൽ, ഗേറ്റ് |
| 7 | മറ്റ് കെട്ടിടങ്ങൾ / നിർമ്മിതികൾ | | ▪ ആശ്രമത്തിന്റെ ആർച്ച്<br>▪ പണി പൂർത്തീകരിക്കാത്ത കെട്ടിടം, സെപ്റ്റിക് ടാങ്ക്-1 |
| **കൃഷി / മരങ്ങൾ നഷ്ടമാകൽ** | | | |
| 5 | കൃഷി/ മരങ്ങൾ നഷ്ടമാകൽ | 8 ഭൂവുടമകൾ | തെങ്ങ്-34, മാവ്-12, പ്ലാവ്-6, മഹാഗണി-4<br>പേര-3, കവുങ്ങ്-1, ആര്യ വേപ്പ്-1, ബട്ടർ ഫ്രൂട്ട്-1, കണിക്കൊന്ന, ചാമ്പക്ക, ബോംബെ അടക്ക, കൊടമ്പുളി |

| | | | |
|---|---|---|---|
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | 7 ഭൂവുടമകൾ | • പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൻെറ വാടകയിനത്തിലും കച്ചവടത്തിൽ നിന്നും ഉള്ള ഉപജീവന മാർഗ്ഗം നഷ്ടപ്പെടും |
| | | വാടകക്കാർ/ തൊഴിലാളികൾ | • വർഷങ്ങളായി പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ കച്ചവടം ചെയ്ത് ഉപജീവനം നടത്തുന്ന വാടകക്കാർ / തൊഴിലാളികൾ |
| 7 | വരുമാനം നഷ്ടമാകൽ | 3 ഭൂവുടമകൾ | • പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൻെറ വാടകയിനത്തിലുള്ള വരുമാനം നഷ്ടപ്പെടും |
| **അവശേഷിക്കുന്നസ്ഥലത്തിൻെറ ഉപയുക്തത** | | | |
| 8 | ഉപയോഗയോഗ്യ മല്ലാത്ത അവശേഷി ക്കുന്ന സ്ഥലം | 3 ഭൂവുടമകൾ | ഏറ്റെടുക്കലിനു ശേഷം അവശേഷി ക്കുന്ന സ്ഥലം പുനരുപയോഗത്തിന് മതിയാകില്ല എന്ന് 3 ഭൂവുടമകൾ അറിയിച്ചു. |
| **പ്രവേശനമാർഗം തടസ്സപ്പെടൽ** | | | |
| 9 | നിർമ്മാണഘട്ടത്തി ൽ പ്രവേശന മാർഗം തടസ്സപ്പെടൽ | 2 ഭൂവുടമകൾ | നിർമ്മാണ ഘട്ടത്തിൽ തങ്ങളുടെ വസ്തുവകകളിലേക്ക് പ്രവേശനം തടസ്സപ്പെട്ടേക്കാം എന്ന് ആശങ്കപ്പെടുന്നു. |
| | | | |
| **മറ്റ്പ്രത്യാഘാതങ്ങൾ** | | | |
| 10 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്യം, ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 11 | പരിസരമലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ

റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെ ത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 5 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 7 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 8 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലെ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാത്ത വിധത്തിൽ മതിയായ ക്രമീകരണങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം. |
| 9 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് |

| | | |
|---|---|---|
| | | തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| **10** | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| **11** | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും നിലവിലെ റോഡിലൂടെ യാത്ര ചെയ്യുന്നവരുടേയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |
| **12** | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| **13** | വൃക്ഷങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കുക. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലുള്ള കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപ്പിലാക്കുന്നത്. നീലേശ്വരം – കാഞ്ഞങ്ങാട് റയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് ലെവൽ ക്രോസ്സിങ്ങ് 273 സ്ഥിതി ചെയ്യുന്നത്. ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്ന് 58 ആർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. സംസ്ഥാന ഗവൺമെൻറും റെയിൽവെ മന്ത്രാലയവും നിർദ്ദിഷ്ട പദ്ധതിക്ക്, അതായത് റെയിൽവെ ക്രോസ്സിങ്ങ് 273 ന് പകരമായി റോഡ് ഓവർ ബ്രിഡ്ജിൻെറ നിർമ്മാണ പ്രൊപ്പോസൽ അംഗീകരിക്കുകയും 19.04.2018 തീയതിയിലെ ഓർഡർ നമ്പർ G.O.(Rt)No.718/2018/PWD പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

കേരള സർക്കാർ 1956 ലെ കമ്പനി ആക്ട് പ്രകാരം 23.09.1999 ൽ രൂപീകരിച്ച റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) നിർദ്ദിഷട പദ്ധതി നടപ്പിലാക്കുന്നത്. ആർ.ബി.ഡി.സി.കെ കേരള സർക്കാരിൻെറ പൂർണ്ണ ഉടമസ്ഥതയിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രി ചെയർമാനായുള്ള ബോർഡിൻെറ ഭരണ സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ലിമിറ്റഡ് കമ്പനിയാണ്. റോഡ്, പാലം, റെയിൽവെ മേൽപാലം തുടങ്ങിയവ നിർമ്മിക്കുക, അതിനോടനുബന്ധിച്ചുള്ള സ്ഥലമെടുപ്പ്, ടോൾ പിരിവ് തുടങ്ങിയ സ്ഥാവര ജംഗമ വസ്തുക്കൾ സ്വരൂപിക്കുക മുതലായ ആസ്തി വികസന പ്രവർത്തനങ്ങൾ കേരള സർക്കാരിന് വേണ്ടി ഏറ്റെടുത്ത് നടത്തിവരുന്നു.

പദ്ധതിക്ക് വേണ്ടി ഫണ്ട് നൽകുന്നത് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് (KIIFB) ആണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനു

മുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കിഫ്ബി), കാസറഗോഡ് ആയിരിക്കും.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ റെയിൽവേ പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. കാസർഗോഡ് ജില്ലയിലെ പ്രധാന ജില്ലാ റോഡായ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ, കുശാൽ നഗറിൽ സ്ഥിതി ചെയ്യുന്നതും പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ വരുന്ന MAS – MAQ സെക്ഷനിലെ റെയിൽവെ കിലോമീറ്റർ 815/200–300 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ ഈ ലെവൽ ക്രോസ്സ് ദിവസത്തിൽ ശരാശരി 60 തവണയെങ്കിലും അടച്ചിടുന്നതിനാൽ, ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ വലിയ ട്രാഫിക് ബ്ലോക്കാണ് ഇടക്കിടക്ക് ഉണ്ടായികൊണ്ടിരിക്കുന്നത്. 2015 ലെ സെൻസസ് പ്രകാരം, LC 273 ൽ ടോട്ടൽ ട്രെയിൻ വെഹിക്കിൽ യൂണിറ്റ് (TVU) (ട്രാഫിക് ഡെൻസിറ്റി) 340,341 ആണ്. റെയിൽ ഗതാഗത സേവനങ്ങളുടെ എഫിഷ്യൻസിയെ ഈ ലെവൽ ക്രോസ്സിങ്ങ് വളരെ മോശമായി ബാധിക്കുന്നു. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക് കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റോഡ് / ട്രെയിൻ ഗതാഗതം സുഗമമായി നടക്കുകയും യാത്രാസമയം കുറയുകയും, യാത്രക്കാരുടെ സുരക്ഷാ സാധ്യതകൾ വർദ്ധിക്കുകയും ചെയ്യും. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b)യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ റയിൽവെ മേൽപ്പാലങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലുള്ള കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. നീലേശ്വരം – കാഞ്ഞങ്ങാട് റയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് ലെവൽ ക്രോസ്സിങ്ങ് 273 സ്ഥിതി ചെയ്യുന്നത്. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്നുള്ള പ്രദേശങ്ങൾ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്നു.

ഒരു വശത്ത് നടപ്പാതയോട് കൂടിയ റോഡ് ഓവർ ബ്രിഡ്ജ് ആണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ROB യുടെ ആകെ വീതി 10.20 മീറ്ററാണ്. ഇതിൽ 7.50 മീറ്റർ കാരേജ് വേയും 1.50 മീറ്റർ നടപ്പാതയും ഉൾപ്പെടുന്നു. കൂടാതെ ROB യുടെ ഇരുവശങ്ങളിലും RCC ക്രാഷ് ബാരിയേഴ്സും, നടപ്പാതയുടെ പുറത്തെ വശത്ത് കൈവരിയും ഉണ്ടായിരിക്കും. സമീപത്തുള്ള വസ്തുവകകളിലേക്ക് പ്രവേശിക്കുന്നതിനായി സർവ്വീസ് റോഡും പ്രൊപ്പോസ് ചെയ്തിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുന്നതോടെ പ്രദേശത്തെ റോഡ് /റെയിൽവേ ഗതാഗത സംവിധാനങ്ങളുടെ പ്രവർത്തന ക്ഷമത വലിയ തോതിൽ മെച്ചപ്പെടും. കൂടാതെ യാത്രികരുടെ സമയം, ഇന്ധനം എന്നിവ ലാഭിക്കുകയും ചെയ്യും. ഏകദേശം 3597.21 ലക്ഷം രൂപയാണ് ROB നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ നിർമ്മാണ ചിലവ് 2157.89 ലക്ഷം രൂപയും, ഭൂമി ഏറ്റെടുക്കൽ ചിലവ് 1340.58 ലക്ഷം രൂപയും, യൂട്ടിലിറ്റി ഷിഫ്റ്റിങ്ങ് ഉൾപ്പടെയുള്ളവയുടെ ചിലവ് 98.74 ലക്ഷം രൂപയും ഉൾപ്പെടുന്നു.

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരമായി നിലവിലെ റോഡ് ഓവർ ബ്രിഡ്ജ് (ROB) പ്രൊപ്പോസ് ചെയ്യുന്നതിന് മുൻപായി, 2018 നവംബർ 9 ന് കൂടിയ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ റയിൽവേയുടെ അഭ്യർത്ഥന പ്രകാരം, ഒരു റോഡ് അണ്ടർ ബ്രിഡ്ജിന്റെ (RUB) സാധ്യതകൾ പരിശോധിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ, പദ്ധതി പ്രദേശം അറബികടലിൽ നിന്നും 4 കിലോമീറ്ററിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത് എന്നും, ഇവിടത്തെ ഗൗണ്ട് ലെവൽ

സമുദ്ര നിരപ്പിനോട് ഏകദേശം സമമാണെന്നും കണ്ടെത്തി. ഇവിടെ ഒരു RUB പരിഗണിക്കുകയാണെങ്കിൽ, അത് നിലവിലെ റയിൽ ലെവലിൽ നിന്നും −7.50 മീറ്ററായിരിക്കും. പദ്ധതി പ്രദേശം നിൽക്കുന്ന കാസർകോഡ് ജില്ലയിൽ, വർഷത്തിൽ ശരാശരി 3825 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. എന്നാൽ, സ്വാഭാവികമായി വെള്ളമൊഴുകി പോകുന്നതിനുള്ള സ്വകര്യമില്ലാത്തത് മൂലം മഴക്കാലത്ത് ഇവിടെ പലയിടങ്ങളിലും വെള്ളക്കെട്ട് സാധാരണമാണ്. മാത്രമല്ല, പ്രദേശത്ത് ഒരു സ്വാഭാവിക ഡ്രെയിനേജിനുള്ള സാധ്യതയും കാണുന്നില്ല. കൂടാതെ, കുശാൽനഗർ ലെവൽ ക്രോസ്സിങ്ങിൽ നിന്ന് ഏകദേശം രണ്ടര കിലോമീറ്റർ ദൂരത്തിൽ ചന്ദേരയിൽ നിർമ്മിച്ചിട്ടുള്ള RUB പലപ്പോഴായി ഉണ്ടാകുന്ന വെള്ളക്കെട്ട് മൂലം ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഈ കാരണങ്ങൾ കൊണ്ടെല്ലാമാണ് LC 273 ൽ RUB എന്ന ആശയം ഉപേക്ഷിച്ച് റോഡ് ഓവർ ബ്രിഡ്ജ് (ROB) പ്രൊപ്പോസ് ചെയ്യത്.

റോഡ് ഓവർ ബ്രിഡ്ജിനായി, 3 അലൈൻമെൻറുകൾ പരിശോധിച്ചതിൽ, ഓപ്ഷൻ 3 പ്രകാരമുള്ള അലൈൻമെൻറിൽ നിർമ്മാണ ഘട്ടത്തിൽ റെയിൽവേ ഗേറ്റ് അടക്കേണ്ടി വരും എന്നാൽ ഓപ്ഷൻ 1, 2 പ്രകാരമുള്ള അലൈൻമെൻറുകളിൽ റെയിൽവേ ഗേറ്റ് അടക്കേണ്ടി വരില്ല. ബാധിക്കപ്പെടുന്ന നിർമ്മിതികൾ ഓപ്ഷൻ 3 ൽ കൂടുതലും ഓപ്ഷൻ 2 ൽ കുറവുമായിരിക്കും. എന്നാൽ ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ് അലൈമെൻറ് 3 ൽ കുറവായിരിക്കും. ഓപ്ഷൻ 1, 2 & 3 പ്രകാരം ആകെ പ്രൊജക്റ്റിൻെറ ചിലവ് യഥാക്രമം 43.63 കോടി, 43.69 കോടി, 42.67 കോടി എന്നിങ്ങനെയാണ്. ഓപ്ഷൻ 3 പ്രകാരം പദ്ധതി ചിലവ് കുറവായിരിക്കുമെങ്കിലും, പദ്ധതി ബാധിതമാകുന്ന നിർമ്മിതികൾ കുറവാണ് എന്നത്കൊണ്ട് തന്നെ നിലവിലെ പദ്ധതിക്കായി ഓപ്ഷൻ 2 റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മാണത്തിനായി തിരഞ്ഞെടുത്തു.

**2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ശേഷം മേൽപ്പാലത്തിൻെറയും പാലത്തിൻെറയും അപ്രോച്ച് റോഡ് / സർവ്വീസ് റോഡിൻെറയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കും.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട പദ്ധതിയുടെ നിലവിലെ അലൈൻമെൻറ് പ്രകാരം ഒരു വശത്ത് നടപ്പാതയോട് കൂടിയ റോഡ് ഓവർ ബ്രിഡ്ജ് (ROB) ആണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ROB യുടെ ആകെ നീളം 444.18 മീറ്ററും ആകെ വീതി 10.20 മീറ്ററുമാണ്. ഇതിൽ 7.50 മീറ്റർ കാരേജ് വേയും 1.50 മീറ്റർ നടപ്പാതയും ഉൾപ്പെടുന്നു. കൂടാതെ ROB യുടെ ഇരുവശങ്ങളിലും RCC ക്രാഷ് ബാരിയേഴ്സും, നടപ്പാതയുടെ പുറത്തെ വശത്ത് കൈവരിയും ഉണ്ടായിരിക്കും. നടപ്പാതക്ക് അടിയിലായി 150 mm വ്യാസത്തിലുള്ള നാല് പി.വി.സി പൈപ്പുകൾ യൂട്ടിലിറ്റി ഡക്കുകളായി ഫിക്സ് ചെയ്യുന്നതാണ്. അനുബന്ധ റോഡിൻെറ നീളം പടിഞ്ഞാറ് ഭാഗത്ത് 92.64 മീറ്ററും കിഴക്ക് ഭാഗത്ത് 40.96 മീറ്ററുമാണ്. ജനങ്ങൾക്ക് സമീപത്തുള്ള തങ്ങളുടെ വസ്തുവകകളിലേക്ക് പ്രവേശിക്കുന്നതിനായി 5 മീറ്റർ സർവ്വീസ് റോഡും (നടപ്പാതയുൾപ്പെടെ), സർവ്വീസ് റോഡിന് 1.50 മീറ്റർ വീതിയിൽ നടപ്പാതയും അതിനടിയിൽ ഡ്രെയിനേജും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ നിലവിലെ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ, വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ടെലഫോൺ പോസ്റ്റുകൾ, വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ, കമ്മ്യൂണിക്കേഷൻ കേബിളുകൾ, പവർ കേബിളുകൾ എന്നിവ മാറ്റി സ്ഥാപിക്കണം.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. ആധുനിക യന്ത്രസാമഗ്രികളുടെ സഹായ ത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി അലൈൻമെൻറ് സ്റ്റഡി കൂടാതെ, ടോപ്പോഗ്രാഫിക്കൽ സർവ്വെ, ജിയൊ ടെക്നിക്കൽ സർവ്വെ, ട്രാഫിക് സർവ്വെ, എന്നിവ നടത്തിയിട്ടുണ്ട്.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്നും 58 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം

❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലുള്ള കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് വേണ്ടി ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്ന് 58 ആർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കു ന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിനെ ചുമതല പ്പെടുത്തിക്കൊണ്ട് 2025 ഫെബ്രുവരി 12 തിയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) കാസർഗോഡ് ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCKSGD/6167/2020-L1 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിന്റെ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 9 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. ചെയർമാൻ എസ്.ഐ.എ (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യു, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ഡോ. കിരൺ തമ്പി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 12 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ഡോ. അനിൽ ജോൺ | എം.എസ്.ഡബ്ല്യു, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 8 | വിനയൻ വി എസ്സ് | എം.എസ്. ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 22 വർഷത്തെ പ്രവർത്തനപരിചയം |
| 9 | ബിൽബിൻ കെ വിത്സൺ | ബി.എസ്.സി ഫിസിക്സ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തനപരിചയം |

### 3.2. മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

പദ്ധതി ബാധിത ഭൂവുടമകൾക്കും മറ്റ് വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി

തയ്യാറാക്കുക എന്നിവയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവര ശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാ തങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത ഭൂവുടമയുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത ഭൂവുടമയുമായി ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, ഏറ്റെടുക്കപ്പെടുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയും റെയിൽവേ അധീനതയിലുള്ള ഭൂമിയും പരിശോധിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ നിരീക്ഷിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ബാധിത ഭൂമിയുടെ പ്രതിനിധിയുമായി പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, ഭൂവുടമകളെക്കുറിച്ചുള്ള വിവരങ്ങൾ, ഉടമയുടെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഭൂവുടമയ്ക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ മാനേജിങ് ഡയറക്ടർ റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ, കിഫ്ബി, കാസർഗോഡ് നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പദ്ധതി ബാധിത ഭൂവുടമകളുമായും മറ്റ് വ്യക്തികളുമായും അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത ഭൂവുടമകൾക്കും, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത ഭൂവുടമകളോ, ജനപ്രതിനിധി കളോ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും, പദ്ധതി ബാധിത സ്ഥലങ്ങൾ നിരീക്ഷിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ അടയാളപ്പെടു ത്തുകയും പദ്ധതി ബാധിത ഭൂമിയുടെ ഉടമകളെ കണ്ടെത്തുകയും, അവരുടെ പ്രതിനി ധിയിൽ നിന്ന് സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം സ്വകാര്യ ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിതരുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, പദ്ധതി ബാധിത ഭൂവുടമകളുമായി ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. അർത്ഥനാധികാരിയായ മാനേജിങ്ങ് ഡയറക്ടർ, റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (കിഫ്ബി), കാസറഗോഡ് കാര്യാലയത്തിൽ നിന്നുമാണ് ദ്വീതിയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്ക

ലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

### 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ), ആക്ഷൻ കമ്മിറ്റി പ്രതിനിധികളുമായി ചേർന്ന് പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത ഉടമകളുമായി അഭിമുഖം
- ആർ.ബി.ഡി.സി.കെ മാനേജരുമായും, ROB ആക്ഷൻ കമ്മിറ്റി അംഗങ്ങളുമായും, ജനപ്രതിനിധികളുമായും മറ്റ് പ്രദേശവാസികളുമായും അഭിമുഖം
- കരട് രേഖ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും
- പബ്ലിക് ഹിയറിംഗ്
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

### പബ്ലിക് ഹിയറിങ്ങ്

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ, കുശാൽ നഗറിൽ സ്ഥിതി ചെയ്യുന്നതും പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ വരുന്ന MAS – MAQ സെക്ഷനിലെ റെയിൽവെ കിലോമീറ്റർ 815/200-300 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിനായി ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്ന് ഏകദേശം 58 ആർസ് ഭൂമി ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന്, ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതി

ൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 03.04.2025 തീയ്യതി, വ്യാഴാഴ്ച്ച ഉച്ചക്ക് 1.30 മണിക്ക് ഹോട്ടൽ ക്ലാസിക്കൊയിൽ വച്ച് പബ്ലിക് ഹിയറിംഗ് സംഘടിപ്പിച്ചു.

മൗന പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, കോർഡിനേറ്റർ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിക്കുകയും പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ ശ്രീമതി.കെ.വി സുജാത യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.



ശ്രീ. ഇ. ചന്ദ്രശേഖരൻ, MLA കാഞ്ഞങ്ങാട് ………..

ബഹു: കാഞ്ഞങ്ങാട് എം.എൽ.എ, ശ്രീ. ഇ. ചന്ദ്രശേഖരൻ പബ്ലിക് ഹിയറിങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ടി പദ്ധതിയുടെ പ്രാധാന്യത്തെ കുറിച്ചും, RFCT LARR ACT-2013 ൻെറ സവിശേഷതകളെ കുറിച്ചും ഈ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ലഭ്യമാകുന്ന പ്രത്യേക അവകാശങ്ങൾ, മാന്യമായ നഷ്ടപരിഹാരം എന്നിവയെ പറ്റിയും അദ്ദേഹം സംസാരിച്ചു. തുടർന്ന്, കാഞ്ഞങ്ങാട് നഗരസഭ മരാമത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ ശ്രീ. അനീശൻ, കൗൺസിലർമാരായ ശ്രീ. അബ്ദുൽ റഹിമാൻ, ശ്രീമതി. സി.എച്ച് സുബൈദ, ശ്രീമതി. കെ.അയിശ, ആക്ഷൻ കമ്മിറ്റി ചെയർമാൻ ശ്രീ. കെ.മുഹമ്മദ് കുഞ്ഞി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.



ശ്രീമതി.കെ.വി സുജാത കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ




ശ്രീ.ബിജു സി.പി, കോർഡിനേറ്റർ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്




ശ്രീ. അനീശൻ, കാഞ്ഞങ്ങാട് നഗരസഭ മരാമത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ




ശ്രീ. കെ. മുഹമ്മദ് കുഞ്ഞി, ആക്ഷൻ കമ്മിറ്റി ചെയർമാൻ



ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പിന്നീട് പദ്ധതിബാധിതരും, ജനപ്രതിനിധികളും പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്കു വച്ചു. സ്പെഷ്യൽ തഹസിൽദാർ എൽ.എ, കിഫ്ബി, കാസറഗോഡ്, ഓഫീസിൽ നിന്നും

പങ്കെടുത്ത ശ്രീമതി. സ്മിത, ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. പി. പത്മനാഭൻ, എന്നിവർ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, നഷ്ട പരിഹാരം, പദ്ധതി ബാധിതരുടെ പുനരധിവാസം തുടങ്ങിയ വിഷയങ്ങളിലും ആർ.ബി.ഡി.സി.കെ യിൽ നിന്നും പങ്കെടുത്ത ഡെപ്യൂട്ടി കലക്ടർ ശ്രിമതി. വൃന്ദ എൻ.ആർ, മാനേജർ ശ്രീ. കെ.അനീഷ് എന്നിവർ റെയിൽവേ മേൽപ്പാലത്തിൻെറയും, അനുബന്ധ റോഡിൻെറയും അലൈന്മെൻറ്, വീതി, നീളം ഉയരം തുടങ്ങിയ സാങ്കേതിക വശങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങളിലും, പദ്ധതി നിർമ്മാണ ഘട്ടത്തിലും പദ്ധതി പൂർത്തീകരിച്ചതിന് ശേഷവും സമീപ വാസികളുടെ വസ്തുവകകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടൽ ഉൾപ്പെടെയുള്ള വിഷയങ്ങളിലും ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി.




ശ്രീമതി. സ്മിത, സ്പെഷ്യൽ തഹസിൽദാർ (LA) കിഫ്ബി, കാസറഗോഡ്



ശ്രിമതി. വൃന്ദ എൻ.ആർ, ഡെപ്യൂട്ടി കലക്ടർ, RBDCK



ശ്രീ. കെ.അനീഷ്, മാനേജർ, RBDCK

യോഗത്തിൽ പ്രധാനമായും ഉന്നയിക്കപ്പെട്ട ആശങ്ക പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞാൽ ഭൂവുടമകളുടെ വസ്തുവകകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടുമൊ എന്നുള്ളതാണ്. കൂടാതെ, ഭൂമി ഏറ്റെടുക്കലിന് ശേഷം ബാക്കി വരുന്ന ഉപയോഗ ശൂന്യമായ സ്ഥലം കൂടി ഏറ്റെടുക്കണമെന്ന് ചില ഭൂവുടമകൾ ആവശ്യപ്പെട്ടു. സർവ്വീസ് റോഡുകൾ ഉള്ളതിനാലും, പ്രധാനമായും പില്ലറുകളിലാണ് പാലം നിർമ്മിക്കുന്നത് എന്നതിനാലും ആരുടേയും പ്രവേശനം തടസ്സപ്പെടില്ല എന്നും, ഉപയോഗ ശൂന്യമാകുന്ന ഭൂമിയുടെ കാര്യത്തിൽ നിജ സ്ഥിതി പരിശോധിച്ച് സമുചിത സർക്കാർ വേണ്ട നടപടികൾ കൈകൊള്ളുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകി. പദ്ധതിക്ക് വേണ്ടി സ്ഥലമേറ്റെടുക്കുമ്പോൾ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്ന വാടകക്കാരും യോഗത്തിൽ തങ്ങളുടെ ആശങ്കകൾ പങ്കു വച്ചു. ഇതിൽ പ്രധാനമായും 3 വർഷം പോലുമാകാത്ത വാടകക്കാർ ഇൻറീരിയർ വർക്ക്സിനും മറ്റുമായി കെട്ടിടത്തിൽ നിക്ഷേപിച്ചിട്ടുള്ള പണം എങ്ങനെ തിരിച്ച് ലഭിക്കും എന്നുള്ളതായിരുന്നു. കെട്ടിടത്തിലെ ബാധിക്കപ്പെടുന്ന ഓരോ വസ്തുവിനും ഇനം തിരിച്ച് ഭൂവുടമക്ക് പണം ലഭിക്കുമെന്ന് ഇതിന് മറുപടിയായി ഉദ്യോഗസ്ഥർ അറിയിച്ചു. നഷ്ട പരിഹാരവുമായി ബന്ധപ്പെട്ട മറ്റ് ആശങ്കകൾക്ക് സ്പെഷ്യൽ തഹസിൽദാർ നഷ്ട പരിഹാരം കണക്കാക്കുന്ന നടിപടി ക്രമങ്ങൾ വിശദീകരിക്കുകയും പദ്ധതി ബാധിതരായ എല്ലാവർക്കും ന്യായമായ നഷ്ട പരിഹാരം ലഭിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.



പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു







പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു







പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു

പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഭൂവുടമകളും ജനപ്രതിനിധികളും ഉൾപ്പെടെ ഭൂരിഭാഗം പേരും ന്യായമായ നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനോട് അനുകൂല മനോഭാവമാണ് പ്രകടിപ്പിച്ചത്. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന് ആക്ഷൻ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടു.




ശ്രീ. കെ.പി മോഹനൻ, ആക്ഷൻ കമ്മിറ്റി കൺവീനർ

ആക്ഷൻ കമ്മിറ്റി കൺവീനർ, ശ്രീ. കെ.പി മോഹനൻ, പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായവർക്ക് നന്ദിയർപ്പിച്ചു സംസാരിച്ചു. യോഗം കൃത്യം 4.30 p.m ന് അവസാനിച്ചു.

**പട്ടിക 3.5.1:** 03.04.2025 തീയ്യതി ഹോട്ടൽ ക്ലാസിക്കൊ (ടൗൺ ഹാളിന് സമീപം), കാഞ്ഞങ്ങാട് വച്ച് നടന്ന പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

| **ക്രമ നമ്പർ** | **ചോദ്യകർത്താവിൻെറ പേര് /സർവ്വെ നമ്പർ** | **ചോദ്യം/ആശങ്ക** | **ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി** |
|---|---|---|---|
| 1 | ശിവാനന്ദൻ K.S (269) | കെട്ടിടം പൂർണ്ണമായി നഷ്ടപ്പെടും. കട റൂമുകളിൽ നിന്നുള്ള വാടക വരുമാനമാണ് ഉപജീവന മാർഗ്ഗം. നഷ്ട പരിഹാരം എങ്ങനെ കണക്കാക്കും എന്നറിയണം. | കെട്ടിടം പൂർണ്ണമായി നഷ്ടപ്പെടുന്നതിനാൽ കെട്ടിടത്തിൻെറയും സ്ഥലത്തിൻെറയും വില നിശ്ചയിച്ച് കെട്ടിട ഉടമക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. **(LAO)** |
| 2 | ഗണേഷൻ – നിത്യാനന്ദാശ്രമം ട്രസ്റ്റ് –(204/16) | ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകൾ വരുന്ന ആശ്രമമാണ് നിത്യാനന്ദാശ്രമം. പദ്ധതിയുടെ അലൈൻമെൻറ് പോകുന്നത് ആശ്രമത്തിലേക്കുള്ള പ്രവേശന ഭാഗത്ത് കൂടിയാണ് .പദ്ധതിമൂലം ഒരു കാരണവശാലും ആശ്രമത്തിലേ ക്കുള്ള പ്രവേശനം തടസ്സപ്പെടരുത്. ആശ്രമത്തിലേ ക്ക് വരുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകരുത്.<br><br>സ്ഥലമേറ്റെടുക്കുമ്പോൾ ഒരു ഭാഗത്ത് കുറച്ച് സ്ഥലം ഉപയോഗ ശൂന്യമായി വരും. അത് ഏറ്റെടുക്കണം. | പദ്ധതിയുടെ ഭാഗമായി ആർ.ഒ.ബി യുടെ ഇരുഭാഗങ്ങളിലും 5 മീറ്റർ വീതിയിൽ സർവ്വീസ് റോഡ് നിർമ്മിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ആശ്രമം റോഡിലേക്കുള്ള പ്രവേശനം തടസ്സപ്പെടുന്നതല്ല.<br><br>അലൈൻമെൻറിന് പുറത്തുള്ള കൈവശ വസ്തു പദ്ധതിക്ക് ആവശ്യമില്ല എന്നുള്ളത്കൊണ്ട് തന്നെ അലൈൻ മെൻറിൽ ഉൾപ്പെട്ട് വരുന്ന ഭാഗം മാത്രമെ നിലവിൽ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. അലൈൻമെൻറിന് പുറത്ത് ബാക്കി വരുന്ന കൈവശ വസ്തു ഉപയോഗ ശൂന്യമായി വരുമൊ എന്ന് പരിശോധിച്ച് വകുപ്പ് 94 (3) പ്രകാരം ഉചിതമായ തീരുമാനമെടുക്കേണ്ടത് സമുചിത സർക്കാർ ആണ്. **(Requiring Body)**<br><br>ഭൂമി ഉപയോഗ ശൂന്യമാണെന്ന് ബോധ്യപ്പെട്ടാൽ റികിസിഷൻ അതോറിറ്റിയുടെ അനുവാദത്തോട് കൂടി ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കുന്നതാണ്. **(LAO)** |

| | | | |
|---|---|---|---|
| 3 | അഡ്വ. നാസർ, 271/7 | പാലം പില്ലറിലാണൊ വരുന്നത് അതൊ പൂർണ്ണമായി കവർ ചെയ്യുന്ന വിധത്തിലാണൊ? വീട്ടിലേക്കുള്ള പ്രവേശനം തടസ്സപ്പെടുമോ? | പാലത്തിൻെറ ഉയരം 5 മീറ്റർ ഫില്ലിങ്ങും അതിനു മുകളിൽ വരുന്ന ഭാഗം പില്ലറുമായാണ് പാലം നിർമ്മിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ആർ.ഒ.ബി യുടെ ഇരുഭാഗങ്ങളിലും 5 മീറ്റർ വീതിയിൽ സർവ്വീസ് റോഡ് നിർമ്മിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ വീട്ടിലേക്കുള്ള പ്രവേശനം തടസ്സപ്പെടുന്നതല്ല. **(Requiring Body)** |
| 4 | പ്രഭാകരൻ എച്ച്.എൻ 242/10 | നാല് ക്വാർട്ടേഴ്സും മൂന്ന് പീടിക മുറികളും പദ്ധതി മൂലം നഷ്ടപ്പെടുന്നുണ്ട്. പഠന റിപ്പോർട്ടിൽ മൂന്ന് പീടിക മുറി രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടില്ല. | സാമൂഹ്യാഘാത പഠന റിപ്പോർട്ടിൻെറ കരട് രേഖയിൽ പ്രഭാകരൻ എന്ന ഭൂവുടമയുടെ 4 കുടുംബങ്ങൾ താമസിക്കുന്ന ക്വാർട്ടേഴ്സ് മുറികളും 3 പീടിക മുറികളും ബാധിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| 5 | മുനീർ | പദ്ധതി ബാധിത പ്രദേശത്ത് വാടകക്ക് ഷോപ്പ് തുടങ്ങിയിട്ട് ഒരു വർഷമായി. മൂന്ന് വർഷമായവർക്കെ നഷ്ടപരിഹാരം ലഭിക്കുകയുള്ളു എന്നറിഞ്ഞു. കടയിൽ പൈസ ചിലവാക്കി കുറെ വർക്കുകൾ ചെയ്തിട്ടുണ്ട്. അതിൻെറ നഷ്ട പരിഹാരം ലഭിക്കുമൊ? | മൂന്ന് വർഷം പൂർത്തിയായവർക്ക് മാത്രമെ ആർ.ആർ പാക്കേജ് പ്രകാരം നഷ്ട പരിഹാരത്തിന് അർഹതയുള്ളു. കെട്ടിട ഉടമക്കാണ് കെട്ടിടത്തിൻെറ നഷ്ട പരിഹാരം കണക്കാക്കി അനുവദിക്കുന്നത്. **(LAO)** |
| 6 | എം.പി മുഹമ്മദ് മുതൽപേർ | പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ എൻെറ കെട്ടിടം കട്ട് ചെയ്ത് പോകുന്നു. തുടർന്ന്, അവിടെ കെട്ടിടം നിർമ്മിക്കണമെങ്കിൽ 3 മീറ്റർ നീക്കി ചെയ്യേണ്ടതിനാൽ കെട്ടിടത്തിൻെറ | ഭൂമി ഏറ്റെടുക്കുമ്പോൾ അലൈൻമെൻറിന് പുറത്ത് ബാക്കി വരുന്ന കെട്ടിട ഭാഗം കെട്ടിടത്തിൻെറ സുരക്ഷയെ മുൻ നിർത്തി ആവശ്യമെങ്കിൽ തൊട്ടടുത്ത സുരക്ഷിത സ്ഥാനം വരെയുള്ള വില കണക്കാക്കി നഷ്ട പരിഹാരം നൽകി പൊളിച്ചു നീക്കുന്നതാണ്. അതല്ലെങ്കിൽ നിബന്ധനകൾക്ക് വിധേയമായി അലൈൻ മെൻറിന് പുറത്തുള്ള ഭാഗം |

| | | | |
|---|---|---|---|
| | | അത്രയും ഭാഗം കൂടി ബാധിക്കുന്നു. അതിനുള്ള നഷ്ട പരിഹാരം ലഭിക്കണം.<br><br>കൂടാതെ, ഏറ്റെടുക്കലിന് ശേഷം ബാക്കി വരുന്ന ഉപയോഗ ശൂന്യമാകുന്ന ഭൂമി സർക്കാർ ഏറ്റെടുക്കണം. | ബലപ്പെടുത്തി കെട്ടിട ഉടമക്ക് നിലനിറുത്താവുന്നതുമാണ്. **(Requiring Body)**<br><br>ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി അധികൃതരെ സമീപിക്കാവുന്നതാണ്. **(LAO)**<br><br>അലൈൻമെൻറിന് പുറത്തുള്ള കൈവശ വസ്തു പദ്ധതിക്ക് ആവശ്യമില്ല എന്നുള്ളത്കൊണ്ട് തന്നെ അലൈൻ മെൻറിൽ ഉൾപ്പെട്ട് വരുന്ന ഭാഗം മാത്രമെ നിലവിൽ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. അലൈൻമെൻറിന് പുറത്ത് ബാക്കി വരുന്ന കൈവശ വസ്തു ഉപയോഗ ശൂന്യമായി വരുമൊ എന്ന് പരിശോധിച്ച് വകുപ്പ് 94 (3) പ്രകാരം ഉചിതമായ തീരുമാനമെടുക്കേണ്ടത് സമുചിത സർക്കാർ ആണ്. **(Requiring Body)**<br><br>ഉപയോഗ ശൂന്യമായ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് അപേക്ഷ ലഭ്യമാകുന്ന മുറക്ക് റിക്വിസിഷൻ അതോറിറ്റിക്ക് അയച്ച് കൊടുക്കുന്നതും പ്രസ്തുത സ്ഥലം ഉപയോഗ ശൂന്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം റിക്വിസിഷൻ അതോറിറ്റിയുടെ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതുമാണ്. **(LAO)** |
| 7 | മധു പത്തോടി 272/3 | വീട് പൂർണ്ണമായും നഷ്ടപ്പെടുന്നു. ഏറ്റെടുക്കലിന് ശേഷം ബാക്കി വരുന്ന ഉപയോഗശൂന്യമായ ഭൂമി കൂടി ഏറ്റെടുക്കണം. | അലൈൻമെൻറിന് പുറത്തുള്ള കൈവശ വസ്തു പദ്ധതിക്ക് ആവശ്യമില്ല എന്നുള്ളത്കൊണ്ട് തന്നെ അലൈൻ മെൻറിൽ ഉൾപ്പെട്ട് വരുന്ന ഭാഗം മാത്രമെ നിലവിൽ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. അലൈൻമെൻറിന് പുറത്ത് ബാക്കി |

| | | | |
|---|---|---|---|
| | | | വരുന്ന കൈവശ വസ്തു ഉപയോഗ ശൂന്യമായി വരുമൊ എന്ന് പരിശോധിച്ച് വകുപ്പ് 94 (3) പ്രകാരം ഉചിതമായ തീരുമാനമെടുക്കേണ്ടത് സമുചിത സർക്കാർ ആണ്. **(Requiring Body)**<br><br>ടിയാൻ ഉപയോഗ ശൂന്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച അപേക്ഷ റിക്വിസിഷൻ അതോറിറ്റിയുടെ പരിഗണനക്കായി അയച്ച് നൽകിയിട്ടുള്ളതാണ്. റിക്വിസിഷൻ അതോറിറ്റിയുടെ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ്. **(LAO)** |
| 8 | കാസിം | കുറെ നാളത്തെ പ്രവാസ ജീവിതത്തിൽ നിന്ന് മിച്ചം വച്ച മുഴുമൻ പണവും ഉപയോഗിച്ചാണ് 7 വർഷമായി റെൻറൽ ഷോപ്പ് നടത്തി വരുന്നത്. സർക്കാരിൻെറ നഷ്ടപരിഹാരമായി 2 ലക്ഷം രൂപ മാത്രമെ ഷിഫ്റ്റിങ്ങ് എന്ന പേരിൽ ലഭിക്കുകയുള്ളു എന്ന് പറഞ്ഞു. ഇൻറീരിയർ, ഫർണ്ണീച്ചർ തുടങ്ങിയവ പരിഗണിച്ചിട്ടില്ല. അതിനാൽ, ചിലവായതിനനുസരിച്ചുള്ള നഷ്ട പരിഹാരം ലഭ്യമാക്കണം. | ഫർണീച്ചറുകൾ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന തിനായി ഏറ്റെടുക്കുന്ന കെട്ടിടത്തിൽ നിന്ന് മാറ്റാവുന്നതാണ്. കൂടാതെ, ഇൻറീരിയർ വർക്കിനുള്ള നഷ്ട പരിഹാരം ബന്ധപ്പെട്ട എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം കെട്ടിട ഉടമക്ക് അനുവദിക്കുന്നതാണ്. ബേസിക് ലാൻറ് വാല്യു റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് ഭൂമിയുടെ നഷ്ടപരിഹാരം കണക്കാക്കുന്നത്. **(LAO)** |
| 9 | ഉമേശൻ (late) മുതൽപേർ, 78/4 | സ്ക്വയറായിട്ടുള്ള ഒരു സ്ഥലമാണ്. അതിൽ നിന്ന് എത്ര പോകും എന്നറിയണം. കൂടാതെ, സെൻറിന് എത്ര ലഭിക്കും എന്നറിയണം. ഭൂമി ഏറ്റെടുക്കുന്നതോട് കൂടി സ്ഥലത്തിൻെറ | സർവ്വെ നടപടികൾക്ക് ശേഷം മാത്രമെ ഓരോ വ്യക്തിയുടേയും എത്ര ഭൂമി പ്രസ്തുത പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നതിൽ ഉൾപ്പെട്ട് വരുന്നുണ്ട് എന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളു. ഭൂമി വില |

| | | | |
|---|---|---|---|
| | | ഷെയ്പ്പ പോകും. ന്യായമായ നഷ്ട പരിഹാരം ലഭിക്കണം. | കണക്കാക്കുന്നതിനായി ബി.വി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബി.വി.ആർ റിപ്പോർട്ട് തയ്യാറാക്കുന്ന മുറക്ക് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതാണ്. **(LAO)** |
| 10 | വൃന്ദബായ് ജി ക്ക് വേണ്ടി നീതി | നിർമ്മാണ സമയത്തൊ, അതിന് ശേഷമൊ വസ്തുവിലേക്കുള്ള പ്രവേശനം പൂർണ്ണമായും അടയുമൊ എന്ന് ആശങ്ക?<br><br>വൈദ്യുതി ലൈനും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ പുനസ്ഥാപനം ബുദ്ധിമുട്ടാകുമൊ?<br><br>ബോർവെല്ലിനോട് ചേർന്നാണ് അലൈൻമെൻറ് പോകുന്നത്, അപ്പോൾ 3 മീറ്റർ വിട്ടതിന് ശേഷമെ മതിൽ കെട്ടാൻ പറ്റുവെങ്കിൽ എന്തായിരിക്കും അതിന്റെ സ്ഥിതി?<br><br>പദ്ധതി വന്ന് കഴിഞ്ഞാൽ റോഡ് ഉയരം കൂടി ഞങ്ങളുടെ സ്ഥലം കുഴിയിലായി പോകുമൊ? | പദ്ധതിയുടെ ഭാഗമായി ആർ.ഒ.ബിയുടെ ഇരുഭാഗങ്ങളിലും 5 മീറ്റർ വീതിയിൽ സർവ്വീസ് റോഡ് നിർമ്മിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ വീട്ടിലേക്കുള്ള പ്രവേശനം തടസ്സപ്പെടുന്നതല്ല.<br><br>വൈദ്യുതി ലൈൻ ഉൾപ്പെടെയുള്ള യൂട്ടിലിറ്റികൾ പദ്ധതിയുടെ ഭാഗമായിത്തന്നെ പുനസ്ഥാപിക്കുന്നതാണ്.<br><br>അലൈൻമെൻറ് അതിർത്തിയിൽ തന്നെ മതിൽ കെട്ടുന്നതിൽ തടസ്സമില്ല.<br><br>സർവ്വീസ് റോഡുകളുടെ ഉയരം സമീപ സ്ഥലത്തിനനുസരിച്ച് ക്രമീകരിക്കുന്നതാണ്.<br><br>**(Requiring Body)** |
| 11 | ഹരണി | അലൈൻമെൻറിൽ നിന്ന് ഒന്നര മീറ്റർ മാത്രം ദൂരത്തിൽ മാത്രമാണ് എന്റെ വീട്. 3 മീറ്റർ സെറ്റ് ബാക്ക് വേണം എന്ന് പറയുന്നു. അലൈൻമെൻറിനോട് അടുത്ത് ആയതിനാൽ വീട് പുതുക്കി പണിയേണ്ടി വരും അപ്പോൾ ഈ | എല്ലാ പുതിയ നിർമ്മിതികൾക്കും നഗരസഭ കെട്ടിട നിർമ്മാണ ചട്ടം ബാധകമായിരിക്കും. എന്നാൽ നിലവിലുള്ള കെട്ടിട ഭാഗം നില നിർത്തുന്നതിന് മൂന്ന് മീറ്റർ സെറ്റ്ബാക്ക് എന്ന നിബന്ധന ബാധകമല്ല. **(Requiring Body)** |

| | | | |
|---|---|---|---|
| | | 3 മീറ്റർ സെറ്റ് ബാക്ക് നൽകേണ്ടിയും വരുമൊ?അതിന്റെ ഡീറ്റെയിത്സ് വേണം.<br><br>ഈ പ്രദേശത്ത് താമസിക്കുന്നവരിൽ ഏകദേശം 95 ശതമാനം ഭാഷ ന്യൂനപക്ഷത്തിൽ വരുന്ന കുടുംബങ്ങളാണ്. ഫ്ലൈ ഓവറിന് വേണ്ടി സ്ഥലം വിട്ട് കൊടുത്ത് ബാക്കി വരുന്ന സ്ഥലത്ത് വീടും മറ്റും നിർമ്മിക്കാനുള്ള അനുമതി കൂടി ഈ ജനവിഭാഗത്തിന് കൊടുക്കണം. | ഭാഷ ന്യൂനപക്ഷത്തിൽ വരുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന വല്ലതും നൽകേണ്ടതുണ്ടെങ്കിൽ അത് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതുണ്ട്. **(Requiring Body)** |
| 12 | ലത്തീഫ് † സെറീന 248/8 | പാലത്തിന്റെ അറ്റം എന്റെ കെട്ടിടത്തിന്റെ മുമ്പിലായിട്ടാണ് വരുന്നത്. അവിടെ കുറച്ച് സ്ഥലമെ ഏറ്റെടുക്കുന്നുള്ളു എങ്കിലും കെട്ടിടം മൊത്തം പോകും. കെട്ടിടത്തിന്റെ മുമ്പിലൂടെയാണ് പാലം പോകുന്നത് എന്നതിനാൽ പാലം വന്നാൽ ഷട്ടർ തുറക്കാൻ സാധിക്കില്ല, അതിന് ഒരു പോംവഴി കാണണം. അല്ലെങ്കിൽ ആ ഭൂമി പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരും. | പരാമർശിച്ച സ്ഥലത്തിന് സമീപം സർവ്വീസ് റോഡ് ആണ് നിർമ്മിക്കുന്നത്. മാത്രമല്ല പദ്ധതി കെട്ടിടത്തിന്റെ വരാന്തയെ മാത്രമാണ് ബാധിക്കുന്നത്. ആയതിനാൽ ഷട്ടർ ഉയർത്താൻ സാധിക്കില്ല എന്ന ആശങ്കക്ക് അടിസ്ഥാനമില്ല. **(Requiring Body)** |

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

കേരളത്തിൻെറ ഏറ്റവും വടക്കേ അറ്റത്തെ ജില്ലയായ കാസർഗോഡ് പഴയ ബോംബെ പ്രസിഡൻസിയിൽ സൗത്ത് കനറ ജില്ലയിലെ ബേക്കൽ താലൂക്കിൻെറ ഭാഗമായിരുന്നു. കാസർഗോഡ് പ്രദേശം കേരളത്തിൻെറ ഭാഗമായത് കേരള സംസ്ഥാനം രൂപീകൃതമായ 1956 നവംബർ 1 നാണ്. എന്നാൽ കാസർഗോഡ് ജില്ല രൂപീകൃതമായത് 24 മെയ് 1984 നാണ്. ജില്ലക്ക് നല്ല ഗതാഗത ശൃംഗലയുണ്ട്. ഹൈവെകളാണ് ഇതിൽ ഏറ്റവും പ്രധാനം. പനവേലിൽ നിന്നാരംഭിച്ച് കന്യാകുമാരിയിലൂടെ പോകുന്ന ദേശീയ പാത 66 ജില്ലയിലൂടെ പോകുന്നു. കൂടാതെ SH 55, SH 57 തുടങ്ങിയ സംസ്ഥാന പാതകളും ഇതിൽ ഉൾപ്പെടുന്നു. സതേൺ റയിൽവേയുടെ ചെന്നൈ-മാംഗ്ലൂർ സെക്ഷനും ജില്ലയുടെ വടക്ക്-തെക്ക് ദിശകളിലൂടെ പോകുന്നു. ചരക്ക് ട്രെയിനുകൾ കൂടാതെ, ഏകദേശം 60 ഓളം പാസഞ്ചർ ട്രെയിനുകളും ഈ സെക്ഷനിൽ ദിവസവും പ്രവർത്തിക്കുന്നു. മാംഗ്ലൂർ ഇൻറർനാഷണൽ എയർപോർട്ടും ഈയിടെ തുറന്ന കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ടുമാണ് സമീപത്തുള്ള എയർപോർട്ടുകൾ.

കാസർഗോഡ് ജില്ലയിലെ പ്രധാന ജില്ലാ റോഡായ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡാണ് പ്രദേശത്തെ പ്രധാന റോഡ്. ടി റോഡിൽ കുശാൽനഗറിൽ സ്ഥിതി ചെയ്യുന്ന സ്ഥിതി ചെയ്യുന്നതും പാലക്കാട് റെയിൽവെ ഡിവിഷൻെറ പരിധിയിൽ വരുന്ന MAS – MAQ സെക്ഷനിലെ റെയിൽവെ കിലോമീറ്റർ 815/200-300 ന് ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. ജില്ലയിലെ തെക്കേ അറ്റത്തുള്ള ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്നാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത്. വളരെയധികം ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലമാണ് ഇവിടം. റയിൽവേയും ഹൈവേയുമാണ് ഇവിടത്തെ പ്രധാന ഗതാഗത മാർഗ്ഗങ്ങൾ.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ഹോസ്ദുർഗ് വില്ലേജിൽ നിന്ന് 58 ആർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും, പൊതുജനങ്ങൾക്കും ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ ആർ.ബി.ഡി.സി.കെ ലിമിറ്റഡ്, മാനേജിങ്ങ് ഡയറക്ടർ സമർപ്പിച്ച അർത്ഥനാപത്രം പ്രകാരം 58 ആർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠനസംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുമോ എന്ന ആശങ്ക ചില പ്രദേശവാസികൾക്ക് ഉണ്ട്.

### 4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തി ന്റെയും പദ്ധതി പ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ഹോസ്ദുർഗ് വില്ലേജിൽ ഉൾപ്പെട്ട വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി പ്രദേശം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ പ്രധാനമായും 39, 41 വാർഡുകളിൽ ഉൾപ്പെടുന്നു. കൂടുതലും നിലം വിഭാഗത്തിൽ പെടുന്നു. പുരയിടം, തരം മാറ്റിയ പുരയിടം, തോട്ടം കൂടാതെ, പുറമ്പോക്ക് ഭൂമിയും

ഏറ്റെടുക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളെല്ലാം നിലവിലുള്ള റോഡിനോട് ചേർന്ന് കിടക്കുന്നതൊ, സമീപത്തുള്ളതോ ആണ്. പദ്ധതി പ്രദേശങ്ങൾ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രാപ്യതയുള്ളതുമാണ്.

## 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

### പദ്ധതിബാധിത ഭൂമിയുടെ തരം

ലഭ്യമായ വിവരം അനുസരിച്ച് പദ്ധതിബാധിത ഭൂമിയിൽ ഭൂരിഭാഗം സർവ്വെ നമ്പരുകളിലുള്ള ഭൂമിയും നിലം, പുരയിടം (തരം മാറ്റിയ പുരയിടം ഉൾപ്പെടെ) വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന സ്വകാര്യ ഭൂമിയിൽ മറ്റുള്ളവ തോട്ടം വിഭാഗത്തിൽ ഉൾപ്പെടുന്നു.

### പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, പ്രധാനമായും കച്ചവടത്തിനൊ, താമസത്തിനൊ ആയി ഉപയോഗിക്കുന്നു. മറ്റുള്ളവ തെങ്ങിൻ പറമ്പായൊ, തരിശു ഭൂമിയായൊ, വഴിയായൊ ഉപയോഗിച്ചു വരുന്നു.

## 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

വിവരം നൽകിയ പദ്ധതിബാധിത ഭൂവുടമകളിൽ ഭൂരിഭാഗവും പദ്ധതി പ്രദേശത്ത് 10 സെൻറിൽ തഴെ ഭൂമിയുള്ളവരൊ (23%), 10 സെൻറിനും 25 സെൻറിനും ഇടയിൽ (53%) സ്ഥലമുള്ളവരൊ ആണ്. 25 സെൻറിനും ഒരു ഏക്കറിനും ഇടയിൽ ഭൂമിയുള്ളവരും ഒരു ഏക്കറിനും മുകളിൽ ഭൂമിയുള്ളവരും താരതമ്യേന കുറവാണ്.

ഭൂവുടമകളിൽ ഭൂരിഭാഗവും പ്രസ്തുത സ്ഥലം കച്ചവടത്തിനും താമസത്തിനുമായി ഉപയോഗിക്കുന്നു. ബാക്കി ഭൂവുടമകൾ ടി സ്ഥലം തെങ്ങിൻ പറമ്പായൊ, തരിശു ഭൂമിയായൊ, വഴിയായൊ ഉപയോഗിച്ചു വരുന്നു.

വിവരം നൽകിയ ഭൂവുടമകളിൽ 60% പേരും പദ്ധതിബാധിത സ്ഥലം വിവിധ കാലയളവുകളിലായി വാങ്ങിയതും മറ്റ് 40% ഭൂവുടമകൾക്ക് തങ്ങളുടെ പൂർവ്വികരിൽ നിന്നും കൈവശമായതുമാണ്.

ലഭ്യമായ വിവരം അനുസരിച്ച് 3 ഭൂവുടമകൾക്കാണ് വീട് / ക്വാർട്ടേഴ്സ് ബാധിക്കുന്നത്. ഇതിൽ, ഒരു ഭൂവുടമക്ക് വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെടുന്നതിനാൽ അദ്ദേഹത്തിൻെറ കുടുംബം പദ്ധതി പ്രദേശത്ത് നിന്ന് കുടിയൊഴിപ്പിക്കപ്പെടും. മറ്റൊരു ഭൂവുടമയുടെ ക്വാർട്ടേഴ്സ് ഭാഗികമായി ബാധിക്കപ്പെടുമ്പോൾ, അതിൽ വാടകക്ക് താമസിച്ചു വരുന്ന 4 കുടുംബങ്ങൾക്ക് അവരുടെ താമസ സ്ഥലം നഷ്ടപ്പെടും. മറ്റൊരു ഭൂവുടമയുടെ വീടിൻെറ സൺഷേഡ് മാത്രമാണ് ബാധിക്കപ്പെടുന്നത്.

പദ്ധതി ബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകുന്ന വീടുകൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്* | *ആഘാതം* |
|---|---|---|
| 1 | മധു പത്തോടി 9544677426 | പൂർണ്ണമായും |
| 2 | ഡോ: ലിജി ജോസഫ് 9447326281 | ചെറിയ തോതിൽ (സൺഷേഡ്) |
| 3 | പ്രഭാകരൻ ശ്രീനികേതൻ 8281103673 | ക്വാർട്ടേഴ്സ് ഭാഗികം (4 വീടുകൾ പൂർണ്ണമായും) |

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് 1) ഡോ: ലിജി ജോസഫ്, 2) പ്രഭാകരൻ ശ്രീനികേതൻ, എന്നീ രണ്ട് ഭൂവുടമകൾ മാത്രമാണ് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ തങ്ങളുടെ പദ്ധതി പ്രദേശത്തെ ഭൂമിയിൽ ക്രയവിക്രയങ്ങൾ നടത്തിയിട്ടുള്ളത്. മറ്റാരും തന്നെ, ഈ കാലയളവിനുള്ളിൽ ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടത്തിയിട്ടില്ല.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്നും ഏകദേശം 58 ആർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന ഭൂവുടമയുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2025 ഫെബ്രുവരി 12–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 14, നമ്പർ 518 ൽ പ്രസിദ്ധപ്പെടുത്തിയ കാസറഗോഡ് ജില്ലാ കളക്ടറുടെ 2025 ഫെബ്രുവരി 12–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKSGD/6167/2020 – L1 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്ന് 58 ആർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. സർവ്വെ നടത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | സുഭാഷ് എം.വി,<br>ശ്രീ വത്സം, കൊവ്വൽ സ്റ്റോർ,<br>കാഞ്ഞങ്ങാട് പി.ഒ,<br>കാസർഗോഡ്, 9149583017 | 272/2 | ▪ മഹാഗണി-4 (വലുത്-1+ചെറുത്-3), തെങ്ങ്-2, മാവ്-6, പ്ലാവ്-2, ചെറുമരങ്ങൾ |
| 2 | രാമചന്ദ്രൻ പി.വി,<br>വാസര, കുശാൽനഗർ,<br>കാഞ്ഞങ്ങാട്, 9447480751 | | ▪ മതിലിൻെറ കോർണർ ചെറുതായി |
| 3 | ലത്തീഫ് കുഞ്ഞാമു † സറീന ലത്തീഫ്, പാലാട്ട്, വി.പി.റോഡ്, ചിത്താരി.പി.ഒ, 9747527666 | | ▪ 4 ഷട്ടറും 1 കോണി റും ഉൾപ്പെട്ട കെട്ടിടത്തിൻെറ വരാന്ത, തൂണുകൾ, റൂഫ്.<br>▪ കെട്ടിടത്തിൻെറ പ്രവേശന ഭാഗത്ത് പാലം വരുന്നതിനാൽ കെട്ടിടം പൂർണ്ണമായി പൊളിക്കേണ്ടി വരും എന്ന ആശങ്ക. |
| 4 | എം.പി മുഹമ്മദ് മുതൽപ്പേർ,<br>മാണിക്കോത്ത് പി. ഒ,<br>9446297382/8075948422 | | ▪ പണി പൂർത്തിയാകാത്ത കെട്ടിടം, സെപ്റ്റിക് ടാങ്കിൻെറ കുഴി |
| 5 | മധു പത്തോടി, കാഞ്ഞങ്ങാട് റയിൽവെ ഗേറ്റിന് സമീപം,<br>കാഞ്ഞങ്ങാട് പി.ഒ,<br>കാസർഗോഡ്, 9544677426 | 272/3 | ▪ കുടിയൊഴിപ്പിക്കപ്പെടും, വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെടും.<br>▪ ചുറ്റുമതിൽ, ഗേറ്റ്, ഫിഷ് പോണ്ട്, തെങ്ങ്-5,പ്ലാവ്-2, ബട്ടർ ഫ്രൂട്ട്-1, കണിക്കൊന്ന, ചാമ്പക്ക, ബോംബെ അടക്ക, കൊടമ്പുളി<br>▪ ബാക്കി വരുന്ന ചെറിയ അളവ് സ്ഥലം ഉപയോഗ ശൂന്യമാകും |

| | | | |
|---|---|---|---|
| 6 | ഡോ: ലിജി ജോസഫ്, മന്നൂരാംപറമ്പിൽ, ആനന്താശ്രമം വഴി, പാറക്ലായി പി.ഒ, 9447326281 | | ▪ വീടിൻെറ സൺഷേഡ്,<br>▪ വീടിനോട് ചേർന്നുള്ള ഷോപ്പിൻെറ അരിക്,<br>▪ മാവ്-2, തെങ്ങ്-3, പേര-2 |
| 7 | ഷെരീഫ് കെ.പി മുതൽപ്പേർ, സി.എ.കെ വീട്, മചിക്കായ്, അമ്പലത്തുകര, അച്ചിക്കാനം പി.ഒ, 9447140627 | | ▪ കൂൾബാർ -2 മുറികൾ പൂർണ്ണമായും<br>▪ ചുറ്റുമതിൽ<br>▪ ഉപയോഗ യോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം |
| 8 | ഉമേശൻ (late) മുതൽപേർ, ഗോപാലകൃഷ്ണ, ലക്ഷ്മി നിവാസ്, 9188133480 | | ▪ വാടകക്ക് നൽകിയിരിക്കുന്ന ഹോട്ടലിൻെറ മുമ്പിലെ ഷീറ്റ്, തെങ്ങ്-8 |
| 9 | ജഗദീശ് എം.എൻ, ജാംദർജെറ്റപ്പ വീട്, റയിൽ വെ ഗേറ്റിന് സമീപം, കുശാൽനഗർ, കാസർഗോഡ്, 8891213161 | | ▪ ആക്രിക്കട പൂർണ്ണമായും |
| 10 | പദ്മനാഭൻ (late), ശ്രീദേവി നിവാസ്, ഫിഷ് മാർക്കറ്റിന് സമീപം, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് 9995878280 | | ▪ സ്ഥലം മാത്രം |
| 11 | പ്രഭാകരൻ ശ്രീനികേതൻ, കുശാൽ നഗർ, ശവപറമ്പ് റോഡ്, കാഞ്ഞങ്ങാട് 8281103673 | | ▪ ക്വാർട്ടേഴ്സ് ഭാഗികം (4 വീടുകൾ)<br>▪ 3 കട മുറികൾ<br>▪ തെങ്ങ്-2 |
| 12 | ശരത്കുമാർ മുതൽപേർ (ശാരദ.ബി), ഓം നമോ ഉഷാകിരണ ഭാസ്കരായ, കുശാൽനഗർ, ആവിൻജംഗ്ഷൻ, കാഞ്ഞങ്ങാട് പി.ഒ, 9746173500 | | ▪ തെങ്ങ്-7, മാവ്-1, പേര-1 |
| 13 | രവികല, റെയിൽവേ ഗേറ്റിന് സമീപം, കാഞ്ഞങ്ങാട്, സുധി-9637101935, ശിവരാജ്-9633276125 | | ▪ വർക്ക് ഷോപ്പ് പൂർണ്ണമായും |

| | | | |
|---|---|---|---|
| 14 | വൃന്ദബായ് ജി,<br>ഗണേഷ് നിവാസ്,<br>എ.സി.കെ നായർ പാർക്കിന് സമീപം, ഹോസ്ദുർഗ് പി.ഒ,<br>കാഞ്ഞങ്ങാട്, 9744435069 | | ▪ തെങ്ങ്-4, കവുങ്ങ്-1, വഴി തടസ്സപ്പെടാൻ സാധ്യത |
| 15 | നിത്യാനന്ദാശ്രമം പബ്ലിക് ട്രസ്റ്റ്,<br>ഹോസ്ദുർഗ്, കാസർഗോഡ്,<br>9447472006 | | ▪ ആർച്ച് |
| 16 | അഡ്വ: അബ്ദുൾ നാസർ,<br>9447006994 | | ▪ വീടിന്റെ ചുറ്റുമതിൽ, ഓട്ടോമാറ്റിക് ഗേറ്റ്,<br>▪ വ്യാപാര സ്ഥാപനം പൂർണ്ണമായി, വാടകയിനത്തിലുള്ള വരുമാനം<br>▪ വീട്ടിലേക്കുള്ള വഴി തടസ്സപ്പെടുമെന്ന ആശങ്ക |
| 17 | ഹരണി<br>9746088665 (രഞ്ചിത്ത്-മകൻ) | | ▪ കുഴൽ കിണർ, മാവ്-3, പ്ലാവ്-2, ആര്യ വേപ്പ്-1, തെങ്ങ്-3 |
| 18 | ശിവാനന്ദൻ കെ.എസ് †<br>ദേവദാസ് കെ.എസ്<br>ശ്രീഭദ്രകാളി ടെമ്പിൾ,<br>കുശാൽനഗർ, കാഞ്ഞങ്ങാട്<br>9847370923 | | ▪ 11 മുറികളുള്ള രണ്ടു നില ഷോപ്പിങ്ങ് കോംപ്ലക്സ് പൂർണ്ണമായി നഷ്ടപ്പെടുന്നു.<br>▪ മതിൽ, ഗേറ്റ്<br>▪ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നു.<br>▪ ബാക്കി വരുന്ന സ്ഥലം ഉപയോഗ ശൂന്യം |
| 19 | ബൽരാജ് S/O ശ്രീനിവാസ്,<br>കുശാൽ നഗർ, കാഞ്ഞങ്ങാട്<br>പി.ഒ, 9946115575 | | ▪ സ്ഥലം മാത്രം (നടവഴി) |

**5.1.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.1.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.1.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.1.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് ഏതെങ്കിലും ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത്, സ്വന്തം ഭൂമിയിലല്ലാതെ താമസിക്കുന്ന കുടുംബങ്ങൾ ബാധിക്കപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

**5.1.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ തങ്ങളുടെ ഉപജീവനത്തിനായി വാടകക്ക് 3 വർഷമോ അതിലധികമോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും ടി സ്ഥാപനങ്ങളിലോ ഉടമകൾ നടത്തുന്ന പദ്ധതിബാധിതമാകുന്ന സ്ഥാപനത്തിലോ പ്രവർത്തിക്കുന്നവരോ ആയ തൊഴിലാളികൾ ഉണ്ട്. പ്രസ്തുത വാടകക്കാരുടെയും തൊഴിലാളികളുടെയും വിവരങ്ങൾ പട്ടിക 5.6.1.ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.2 പദ്ധതിബാധിതരാകുന്ന വാടകക്കാർ, തൊഴിലാളികൾ**

| ക്രമ നം: | വാടകക്കാരൻ | പ്രവർത്തനം | തൊഴിലാളികൾ | ഉടമ |
|---|---|---|---|---|
| 1 | മുരുകൻ 6238517117 | താമസം + തേപ്പ് കട | 3.5 വർഷം | പ്രഭാകരൻ 8281103673 |
| 2 | മുനീർ 9061024509 | പല ചരക്ക് കട | | |
| 3 | തമ്പായ് 9447 46 9640 | ടൈലറിങ്ങ് † ടെക്സ്റ്റൈൽ | 14 വർഷം | |
| 4 | സുനിൽ കുമാർ † മനോജ്, 9744569959 | ആലുമിനിയം ഫാബ്രിക്കേഷൻ, | 10 വർഷം | അഡ്വ: അബ്ദുൾ |

| | | | | |
|---|---|---|---|---|
| | | | | നാസർ, 9447006994 |
| 5-15 | 11 വാടകക്കാർ | | 9 വർഷം | ശിവാനന്ദൻ കെ.എസ് † ദേവദാസ് കെ.എസ് 9847370923 |

### 5.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ, 8 ഭൂവുടമകൾക്കാണ് ഭൂമി ഏറ്റെടുക്കുമ്പോൾ തെങ്ങ്-34, മാവ്-12, പ്ലാവ്-6, മഹാഗണി-4, പേര-3, കവുങ്ങ്-1, ആര്യ വേപ്പ്-1, ബട്ടർ ഫ്രൂട്ട്-1, കണിക്കൊന്ന, ചാമ്പക്ക, ബോംബെ അടക്ക, കൊടമ്പുളി തുടങ്ങിയ മരങ്ങളൊ, ഫല വൃക്ഷങ്ങളൊ, കൃഷിയോ നഷ്ടപ്പെടുന്നത്.

# അദ്ധ്യായം 6

## സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട് മുനിസിപ്പൽ കോർപ്പറേഷനിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ആണ്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിച്ചാൽ, നഗരസഭയിലെ ആകെ ജനസംഖ്യയായ 125,564 പേരിൽ 46.6% പേർ പുരുഷന്മാരും, 53.4% പേർ സ്ത്രീകളുമാണ്. കൂടാതെ, 64.5% പേർ ഹിന്ദുമതത്തിലും, 33.08% മുസ്ലീം മതത്തിലും, 2.01% പേർ ക്രിസ്തുമതത്തിലും ഉൾപ്പെടുന്നു. ആകെ ജനസംഖ്യയിൽ 3.2% പേർ പട്ടിക ജാതി വിഭാഗത്തിൽപെട്ടവരും, 0.7% പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവരുമാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ വിവരം നൽകിയ പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

ജനസംഖ്യാപരമായ വിവരം നൽകിയ 11 പദ്ധതിബാധിത കുടുംബങ്ങളിൽ, 2 കുടുംബങ്ങളിൽ അംഗങ്ങളുടെ എണ്ണം 1-3 ഇടയ്ക്കാണ്. എന്നാൽ, 7 കുടുംബങ്ങളിൽ 4-6 ഇടക്കും മറ്റ് 2 കുടുംബങ്ങളിൽ 6 ന് മുകളിലും അംഗങ്ങളുണ്ട്. ആകെയുള്ള കുടുംബാംഗങ്ങളിൽ, 55% പേർ സ്ത്രീകളും 45% പേർ പുരുഷന്മാരുമാണ്. കൂടാതെ, 21% പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 29% പേർ 18 വയസ്സിൽ താഴെ പ്രായമുള്ള

കുട്ടികളുമാണ്. ആശ്രമത്തിൻെറതൊഴികെയുള്ള 18 കുടുംബങ്ങളിൽ, 13 കുടുംബങ്ങൾ (72%) ഹിന്ദു മത വിഭാഗത്തിലും, 4 കുടുംബങ്ങൾ (22%) മുസ്ലീം വിഭാഗത്തിലും ഒരു കുടുംബം (5%) ക്രിസ്ത്യൻ വിഭാഗത്തിലും പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിത കുടുംബങ്ങൾ പ്രധാനമായും വെള്ള (67%) അല്ലെങ്കിൽ നീല (20%) നിറത്തിലുള്ള റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്. എന്നാൽ 13% കുടുംബങ്ങൾ ബി.പി.എൽ റേഷൻ കാർഡ് ഉള്ളവരാണ്. കച്ചവടം, വാടക, വിദേശത്തെ ജോലി എന്നിവയാണ് കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗം. സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരും, ഡോക്ടർ, അഡ്വക്കേറ്റ് തുടങ്ങിയ പ്രൊഫഷണത്സും പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നു.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളിലെ, ആകെ അംഗങ്ങളിൽ 21% പേർ 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ, 29% പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, വിവരം നൽകിയ ഭൂവുടമകളിൽ, ഭൂരിഭാഗം ഭൂവുടമകളും കച്ചവടത്തിനോ, താമസത്തിനോ വേണ്ടി പദ്ധതി ബാധിത ഭൂമി ഉപയോഗിച്ചു വരുന്നു. എന്നാൽ യാതൊരു പ്രവർത്തനവുമില്ലാതെ തരിശ്ശായി കിടക്കുന്ന ഭൂമിയും, തെങ്ങിൻ പറമ്പും, വഴിയായി ഉപയോഗിക്കുന്ന സ്ഥലവും, നിത്യാനന്ദാശ്രമത്തിൻെറ ആർച്ച് നിൽക്കുന്ന സ്ഥലവും ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്നു.

ചില ഭൂവുടമകൾക്ക് തെങ്ങ്, മാവ്, പ്ലാവ്, മഹാഗണി, പേര, കവുങ്ങ്, തുടങ്ങിയവ വിളകൾ നഷ്ടപ്പെടുന്നുണ്ട്. അതുമൂലം ചെറിയ വരുമാനം നഷ്ടം ഉണ്ടാകാമെങ്കിലും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നില്ല. എന്നാൽ, പദ്ധതി ബാധിതമാകുന്ന വ്യാപാര സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കെട്ടിടങ്ങൾ ബാധിക്കപ്പെടുന്നതുമൂലം ഭൂവുടമകൾക്ക് വാടകയിനത്തിൽ ലഭിച്ചു കൊണ്ടിരുന്ന കുടുംബത്തിൻെറ ആകെ വരുമാനവും,

വാടകക്കാർക്കും, സ്ഥാപങ്ങളിലെ തൊഴിലാളികൾക്കും തങ്ങളുടെ ഉപജീവന മാർഗ്ഗവും നഷ്ടപ്പെടും.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ നല്ലൊരു ഭാഗം കച്ചവടക്കാരാണ്. കൂടാതെ, കച്ചവടത്തെയും, വിദേശത്തെ ജോലിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തെയും, സ്വകാര്യ സ്ഥാപനങ്ങളിലെ ജോലിയും, പ്രൊഫഷണൽ തൊഴിലിൽ നിന്നുള്ള വരുമാനത്തേയും മറ്റ് തൊഴിലുകളെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും പദ്ധതി പ്രദേശത്തുണ്ട്.

### 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും 2 വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കാസർഗോഡ് ജില്ലയിലെ പ്രധാന ജില്ലാ റോഡായ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ, കുശാൽ നഗറിൽ സ്ഥിതി ചെയ്യുന്നതും പാലക്കാട് റെയിൽവെ ഡിവിഷന്റെ പരിധിയിൽ വരുന്ന MAS – MAQ സെക്ഷനിലെ റെയിൽവെ കിലോമീറ്റർ 815/200-300 ന്

ഇടയിലുള്ളതുമായ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ ഈ ലെവൽ ക്രോസ്സ് ദിവസത്തിൽ ശരാശരി 60 തവണയെങ്കിലും അടച്ചിടുന്നതിനാൽ, ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ വലിയ ട്രാഫിക് ബ്ലോക്കാണ് ഇടക്കിടക്ക് ഉണ്ടായികൊണ്ടിരിക്കുന്നത്. 2015 ലെ സെൻസസ് പ്രകാരം, LC 273 ൽ ടോട്ടൽ ട്രെയിൻ വെഹിക്കിൽ യൂണിറ്റ് (TVU) (ട്രാഫിക് ഡെൻസിറ്റി) 340,341 ആണ്. റെയിൽ ഗതാഗത സേവനങ്ങളുടെ എഫിഷ്യൻസിയെ ഈ ലെവൽ ക്രോസ്സിങ്ങ് വളരെ മോശമായി ബാധിക്കുന്നു. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. കൂടാതെ, റോഡ് യാത്രികർക്ക് കൂടുതൽ ഇന്ധന ചെലവും ഉണ്ടാകുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റോഡ് / ട്രെയിൻ ഗതാഗതം സുഗമമായി നടക്കുകയും യാത്രാസമയം കുറയ്ക്കുകയും ചെയ്യും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലുള്ള കുശാൽനഗർ ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് വേണ്ടി ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് കാസർഗോഡ് ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കിഫ്ബി), കാസറഗോഡ് ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ സ്ഥാപനത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള

മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/സ്ഥാപനത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് (ഓട്ടോണമസ്), കളമശ്ശേരിയെ കുശാൽനഗർ റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് വേണ്ടി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 ഫെബ്രുവരി 12–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 14, നമ്പർ 518 ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCKSGD/6167/2020–L1 പ്രകാരം കാസറഗോഡ് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

### 7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**8.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തി കളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

**8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും**

ബാധകമല്ല

**8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 9.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെ ട്ടിരിക്കുന്ന ജില്ലാ കളക്ടർ, കാസർഗോഡ് പദ്ധതിയുടെ പുനരധിവാസ – പുനസ്ഥാപന സ്കീമിന്റെ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ (കിഫ്ബി), കാസറഗോഡ് ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 10

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 10.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

കാസർഗോഡ് ജില്ലയിലെ പ്രധാന ജില്ലാ റോഡായ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ, കുശാൽ നഗറിൽ സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ്സിങ്ങ് 273 ന് പകരം റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ ഈ ലെവൽ ക്രോസ്സ് ദിവസത്തിൽ ശരാശരി 60 തവണയെങ്കിലും അടച്ചിടുന്നതിനാൽ, ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിൽ വലിയ ട്രാഫിക് ബ്ലോക്കാണ് ഇടക്കിടക്ക് ഉണ്ടായികൊണ്ടിരിക്കുന്നത്. നിലവിൽ, റോഡ്, റെയിൽ യാത്രികരുടെ വിലപ്പെട്ട യാത്രാ സമയമാണ് ഈ ലെവൽ ക്രോസ്സ് മൂലം നഷ്ടപ്പെടുന്നത്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിൻെറ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് ഹോസ്ദുർഗ് വില്ലേജിൽ നിന്ന് ഏകദേശം 58 ആർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും, കുടിയൊഴിപ്പിക്കപ്പെടുകയും, വീട്, അവശ്യ സൗകര്യങ്ങൾ, കച്ചവടം എന്നിവ ബാധിക്കപ്പെടുകയും, ചുറ്റുമതിൽ, ഗേറ്റ് തുടങ്ങിയവയോടൊപ്പം ഉപജീവന മാർഗ്ഗം, വരുമാനം എന്നിവ നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ, തെങ്ങ്, മാവ്, പ്ലാവ് ഉൾപ്പെടെയുള്ള ഫല വൃക്ഷങ്ങളും വാഴ, കുരുമുളക് തുടങ്ങി ഭൂവുടമകളുടെ  വിളകളും ബാധിക്കപ്പെടുന്നുണ്ട്. കൂടാതെ, പ്രദേശത്തെ പ്രശസ്തമായ ആശ്രമത്തിൻെറ ആർച്ചും ബാധിക്കപ്പെടുന്നുണ്ട്. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച

പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം. എങ്കിലും റോഡ് ഓവർ ബ്രിഡ്ജിലൂടെയുള്ള ഗതാഗതം സാധ്യമാക്കി, യാത്രികരുടെ സുരക്ഷാ സാധ്യതകൾ വർദ്ധിപ്പിച്ച്, ഇന്ധന – സമയ നഷ്ടങ്ങൾ ഒഴിവാക്കി, പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമായേക്കാം. എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത എല്ലാ ഭൂവുടമകൾക്കും പൊതുജനങ്ങൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

**10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

കുശാൽനഗർ റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ് വില്ലേജിൽ നിന്നും ഏകദേശം 58 ആർ സ്ഥലം ഏറ്റെടുക്കുന്നതിന്റെ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം 18 കുടുംബങ്ങൾക്കും ഒരു ആശ്രമത്തിനും മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും. പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമാകും. എന്ന് മാത്രമല്ല ഗതാഗത തടസ്സമില്ലാതെ വേഗത്തിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലൂടെ സഞ്ചരിക്കുന്നതിനും, ട്രെയിൻ ഗതാഗതമുൾപ്പെടെ സുഗമമാക്കുന്നതിനും ഈ പദ്ധതി പ്രയോജനപ്രദമാകും. എന്നതിനാൽ പദ്ധതിബാധിത ഭൂവുടമകളിൽ എല്ലാ ഭൂവുടമകൾക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിന്റെയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതി യിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത ഭൂവുടമകൾക്ക് ന്യായമായ

നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ ഭൂവുടമകൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതിക്ക് വേണ്ടി കുടിഒഴിയേണ്ടി വരുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ–പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.
- പദ്ധതി മൂലം കിടപ്പാടവും ഉപജീവനമാർഗവും ഒരുമിച്ച് നഷ്ടമാകുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സമയാധിഷ്ടിതമായി പുനരധിവാസ–പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ കച്ചവടം തടസ്സപ്പെടുന്നതുമൂലം വരുമാനം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഹോസ്ദുർഗ് - ശവപ്പറമ്പ് റോഡിലുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത വിധത്തിൽ ക്രമീകരണങ്ങൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പാർക്കിങ്ങ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളുടെ സ്വഭാവമനുസരിച്ച്, നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ് യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

5. 2025 ഫെബ്രുവരി 12–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം), വാല്യം 14, നമ്പർ 518 ൽ പ്രസിദ്ധപ്പെടുത്തിയ കാസറഗോഡ് ജില്ലാ കളക്ടറുടെ 2025 ഫെബ്രുവരി 12–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKSGD/6167/2020 – L1

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം

# അദ്ധ്യായം 11

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിന്റെ പ്രത്യേകതകളും, ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും, പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു. പഠനത്തിന്റെ അടുത്ത ഘട്ടമായ് 2025 ഏപ്രിൽ 03 തീയതി യിൽ ഹോട്ടൽ ക്ലാസിക്കോ ഇൻറർനാഷണൽ (ടൗൺ ഹാളിന് സമീപം), ഹോസ്ദുർഗിൽ വച്ച് ഉച്ചക്ക് 1.30 ന് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്ക ലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതി ബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും, എം.എൽ.എ ഉൾപ്പടെയുള്ള ജനപ്രതിനിധികളുടെയും ആക്ഷൻ കമ്മിറ്റി അംഗങ്ങളുടെയും സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതിബാധിതർ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

## 11.2.ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട ഹോസ്ദുർഗ് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക.
- പദ്ധതിക്ക് വേണ്ടി കുടിഒഴിയേണ്ടി വരുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.
- പദ്ധതി മൂലം കിടപ്പാടവും ഉപജീവനമാർഗവും ഒരുമിച്ച് നഷ്ടമാകുന്ന കുടുംബ ങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സമയാധിഷ്ടിതമായി പുനരധിവാസ- പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും

തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക.

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ കച്ചവടം തടസ്സപ്പെടുന്നതുമൂലം വരുമാനം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഹോസ്ദുർഗ് – ശവപ്പറമ്പ് റോഡിലുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത വിധത്തിൽ ക്രമീകരണങ്ങൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പാർക്കിങ്ങ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളുടെ സ്വഭാവമനുസരിച്ച്, നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ് യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

**11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കുശാൽനഗർ റോഡ് ഓവർ ബ്രിഡ്ജ് (ROB) നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ സമീപത്തുള്ള വസ്തുവകകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടാതിരുക്കുന്നതിനായി സർവ്വീസ് റോഡുകൾ ഉണ്ടായിരിക്കും.

11.5. **സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു. പദ്ധതിയുടെ രൂപരേഖയിൽ മറ്റ് മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല.

**11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെ

ടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ / കുടി ഒഴിപ്പിക്കപ്പെടൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരമുള്ള നഷ്ടപരിഹാരം നൽകുക RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | കുടി ഒഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപന നടപടികൾ, കുടുംബങ്ങളുടെ സുരക്ഷിതമായ താമസം ഉറപ്പ് വരുത്തികൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ യാതൊരുവിധ കുറവും വരാതെയുള്ള പുനരധിവാസ നടപടികൾ |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാ രിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം നഷ്ടമാകൽ | "FCTLAR" നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബ ന്ധമായ കേരള സംസ്ഥാന സർക്കാ രിൻെറ | | കുടുംബങ്ങളുടെ ഉപജീവന മാർഗത്തിന് ഭംഗം നേരിടാതിരിക്കുന്നതിന് മതിയായ പരിഗണന |

| | | | | |
|---|---|---|---|---|
| | | പോളിസി കൾ പ്രകാരവും പുന രധിവാസ–പുനസ് ഥാപന പാക്കേജ് നൽകുക | | നൽകുക. ജില്ലാ ഭരണകൂടവുമായി ആലോചിച്ച് സാധ്യമായ പുനരധിവാസ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും |
| 4 | വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരമുള്ള പുനരധിവാസ– പുന:സ്ഥാ പന പാക്കേജ് നൽകുക | | വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ– പുനസ്ഥാപന പാക്കേജിന് പരിഗണന. |
| 6 | ഗതാഗത തടസ്സം / പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ വസ്തുവിലേക്ക് മതിയായ പ്രവേശന മാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 7 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായുംനീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 8 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**11.7.സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല

# Media Coverage

**മാതൃഭൂമി**



...ഞ്ഞങ്ങാട് കുശാൽനഗർ മേൽപ്പാ...

സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് തുടക്ക...

കാഞ്ഞങ്ങാട്▸ കുശാൽനഗർ റെയിൽവേ മേൽപ്പാല നിർമാണത്തിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് തുടക്കമായി. മേൽപ്പാല നിർമാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടുന്ന സ്ഥലമുടമകളുമായുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ആലോചനായോഗം കാഞ്ഞങ്ങാട്ട് നടന്നു. ഇ. ചന്ദ്രശേഖരൻ എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ കെ.വി. സുജാത അധ്യക്ഷയായി. നഗരസഭാ കൗൺസിലർമാർ, കർമസമിതി ചെയർമാൻ കെ. മുഹമ്മദ് കുഞ്ഞി, കൺവീനർ കെ.പി. മോഹനൻ എന്നിവർ സംസാരിച്ചു. ...ഗിരി കോളേജ് റിസർച്ച് ...സിയേറ്റ് വി.എസ്. വി...റിപ്പോർട്ട് അവത... സാജു, ആർബി ... കളക്ടർ ... കെ.

▶ കുശാൽനഗർ മേൽപ്പാല നിർമാണ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട്ട് നടന്ന യോഗം ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

അനീഷ്, കിഫ്ബി എൽഎ സ്പെഷ്യൽ തഹസിൽദാർ സ്മിത, ഡെപ്യൂട്ടി തഹസിൽദാർ പി. പദ്മനാഭൻ എന്നിവർ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറി.

**വരുന്നത് 35 കോടിയുടെ മേൽപ്പാലം, ഏറ്റെടുക്കേണ്ടത് 1.41 ഏക്കർ**

കാഞ്ഞങ്ങാട് കുശാൽനഗർ മേൽപ്പാല നിർമാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടി തുടങ്ങിയത് തീരദേശവാസികൾക്ക് ശുഭപ്രതീക്ഷയായി മാറി. കാലങ്ങളായി കുശാൽനഗർ ഗേറ്റിൽ കുരുങ്ങിക്കിടക്കുന്ന യാത്രാദുരിതത്തിന് മേൽപ്പാലത്തിലൂടെ പരിഹാരമാകുമെന്ന ആശ്വാസത്തിലാണ് തീരദേശജനത. നിത്യനന്ദാശ്രമം കവാടത്തിനു സമീപത്തുനിന്ന് തുടങ്ങുന്ന 45 മീറ്റർ പാലം ശവപ്പറമ്പ് റോഡിനോട് ചേർന്നാണ് അവസാനിക്കുന്നത്. 35 കോടി രൂപയാണ് നിർമാണ അടങ്കൽ. നിർമാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു വീട് പൂർണമായും രണ്ട് വീടുകൾ ഭാഗികമായും പൊ...ച്ചുനീക്കേണ്ടിവരും. 16 ക... സ്ഥാപനങ്ങൾ പ്രവർ... കെട്ടിടവും നഷ്ടമാ... മായി 19 പേരു... ഭൂമിയാണ്... ത്തിന...

**മലയാള മനോരമ**



2

# കുശാൽ നഗർ റെയിൽവേ മേൽപാല നിർമാണം: ഹിയറിങ് നടത്തി

കാഞ്ഞങ്ങാട് ● കുശാൽ നഗർ റെയിൽവേ മേൽപാല നിർമാണത്തിന്റെ ഭാഗമായി ഹിയറിങ് നടത്തി. സ്ഥലം ഉടമകൾ പങ്കെടുത്തു. ഇ.ചന്ദ്രശേഖരൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ കെ.വി.സുജാത അധ്യക്ഷത വഹിച്ചു.

കളമശേരി രാജഗിരി കോളജ് പ്രിൻസിപ്പൽ ഡോ.സാജു, നഗരസഭ മരാമത്ത് സ്ഥിരസമിതി അധ്യക്ഷൻ കെ.അനീശൻ, കൗൺസിലർമാരായ അബ്ദുൽ റഹ്മാൻ, സി.എച്ച്.സുബൈദ, കെ.ആയിഷ, ആക്ഷൻ കമ്മിറ്റി ചെയർമാൻ കെ.മുഹമ്മദ് കുഞ്ഞി, കൺവീനർ കെ.പി.മോഹനൻ എന്നിവർ പ്രസംഗിച്ചു.

വി.എസ്.വിനയൻ പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആർബിഡിസികെ ഡപ്യൂട്ടി കലക്ടർ എൻ.ആർ.വൃന്ദ, മാനേജർ കെ.അനീഷ്, കിഫ്ബി എൽഎ സ്പെഷൽ തഹസിൽദാർ സ്മിത, ഡപ്യൂട്ടി തഹസിൽദാർ പി.പത്മനാഭൻ എന്നിവർ പദ്ധതി വിശദീകരിച്ചു.

ഒരു വീട് പൂർണമായും രണ്ട് വീടുകൾ ഭാഗികമായും ഏറ്റെടുക്കണം.

16 കടമുറികളും ഏറ്റെടുക്കും. ഒരേക്കർ 41 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.

**ചന്ദ്രിക**



കുശാൽ നഗർ റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാത വിലയിരുത്തലിന്റെ ഭാഗമായി നടന്ന പബ്ലിക് ഹിയറിംഗ് ഇ. ചന്ദ്രശേഖരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## കുശാൽ നഗർ മേൽപ്പാലം

# സ്ഥലമേറ്റടുക്കുന്നതിനു പബ്ലിക് ഹിയറിംഗ് നടത്തി

കാഞ്ഞങ്ങാട്: കുശാൽ നഗർ റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് ഇ. ചന്ദ്രശേഖരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർപേഴ്സൻ കെ.വി സുജാത അധ്യക്ഷത വഹിച്ചു. കളമശ്ശേരി രാജഗിരി കോളജ് പ്രിൻസിപ്പൽ ഡോ. സാജു സ്വാഗതം പറഞ്ഞു. നഗരസഭ മരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ അനീശൻ, കൗൺസിലർമാരായ സെവൻ സ്റ്റാർ അബ്ദുൽ റഹിമാൻ, സി.എച്ച് സുബൈദ, കെ. ആയിശ,

ആക്ഷൻ കമ്മിറ്റി ചെയർമാൻ കെ. മുഹമ്മദ് കുഞ്ഞി, കൺവീനർ കെ.പി മോഹനൻ പ്രസംഗിച്ചു. വിനയൻ വി.എസ്. റിസർച്ച് അസോസിയേറ്റ് രാജഗിരി കോളജ് പഠനറിപ്പോർട്ട് അവതരിപ്പിച്ചു. ആർബിഡിസികെ ഡെപ്യൂട്ടി കലക്ടർ വൃന്ദ എൻ.ആർ, മാനേജർ അനീഷ് കെ, കിഫ്ബിഎൽഎ സ്പെഷ്യൽ തഹസിൽദാർ സ്മിത, ഡെപ്യൂട്ടി തഹ്സിൽദാർ പി. പത്മനാഭൻ പദ്ധതി പ്രവർത്തന രേഖ വിശദീകരിച്ചു. ഒരേക്കർ 41 സെന്റ് സ്ഥലമാണ് കുശാൽ നഗർ റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് ഏറ്റടുക്കേണ്ടത്. ഒരു വീട് പൂണമായും രണ്ടു വീടുകൾ ഭാഗീകമായും ഏറ്റെടുക്കേണ്ടതുണ്ട്.